# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിരായിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD 17/1649/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിരായിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPKD 17/1649/21 തീയ്യതി: 21/01/2022

# പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 20-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 20-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
സുജാത.എ. -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
താരിഖ്.എം.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിക്സി അലക്സ്-ഓഡിറ്റർ
അനിത.കെ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കല്ല്യാണി | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി.സുമതി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എം.ജി.ജോയ്സൺ | സെക്രട്ടറി | 01-04-2020 | 02-04-2020 |
| Sri.R.RadhaKrishnan | സെക്രട്ടറി | 03-04-2020 | 01-07-2020 |
| ശ്രീ.വിനോദ്.ബി,അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്) | സെക്രട്ടറി | 02-07-2020 | 21-07-2020 |
| ശ്രീ.പി.കെ.മുഹമ്മദ് ഷാഫി | സെക്രട്ടറി | 22-07-2020 | 05-08-2020 |
| ശ്രീ.വിനോദ്.ബി. | സെക്രട്ടറി | 06-08-2020 | 13-09-2020 |
| ശ്രീ.മുഹമ്മദ് ഷാഫി.പി.കെ | സെക്രട്ടറി | 14-09-2020 | 06-03-2021 |
| ശ്രീ.രജീഷ്കുമാർ.സി.സി,അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്) | സെക്രട്ടറി | 07-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രശ്മി കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ദേവപ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.അരുൺകുമാർ.ടി.എം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 15-02-2021 |
| ഡോ.സൌമിനി | മെഡിക്കൽ ഓഫീസർ, | 16-02-2021 | 01-03-2021 |

| | | | |
|---|---|---|---|
| | പി.എച്ച്.സി | | |
| ഡോ.മഹി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 02-03-2021 | 31-03-2021 |
| ഡോ.സിനി എബ്രഹാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 21-01-2021 |
| ഡോ.റീബ.ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 22-01-2021 | 31-03-2021 |
| ഡോ.റെജുല.എം. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.റെഷിൻ.പി.എ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.രതിയമ്മ | പ്രധാന അദ്ധ്യാപിക | 01-04-2020 | 31-05-2020 |
| ശ്രീ.മുബാറക് | പ്രധാന അദ്ധ്യാപിക | 01-06-2020 | 31-03-2021 |
| ശ്രീ.ശിവപ്രസാദ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി.ധനലക്ഷ്മി.എം.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 19-12-2020 |
| ശ്രീമതി.ജയജ്യോതി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-12-2020 | 31-03-2021 |
| ശ്രീ.രാജ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| തസ്തിക ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 30-06-2020 |
| ശ്രീ.വിനോദ്.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2020 | 20-02-2021 |
| ശ്രീ.രജീഷ്കുമാർ.സി.സി. | അസിസ്റ്റന്റ് സെക്രട്ടറി | 21-02-2021 | 31-03-2021 |
| ശ്രീമതി.രാധിക | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anitha K (Auditor, On 22-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-2 |
| 3 | 2020-21 വാർഷിക കണക്കിലെ അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 06-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 03-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 03-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-10 |
| 12 | രശീതി പരിശോധന -അപാകതകൾ<br>Written By: Anitha K (Auditor, On 24-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-11 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: P. Sujatha (Audit Officer, On 01-12-2021) | 1-12 |
| 14 | ലൈസൻസ് ഫീ- മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 25-11-2021) | 1-12-1 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 20-01-2022) | |
| 15 | കരിങ്കൽ ക്വാറി - പുതുക്കലിനുള്ള അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-12-2 |
| 16 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-12-3 |
| 17 | തൊഴിൽ നികുതി<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: P. Sujatha (Audit Officer, On 01-12-2021) | 1-13 |
| 18 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-13-1 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: P. Sujatha (Audit Officer, On 01-12-2021) | 1-13-2 |
| 20 | തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Anitha K (Auditor, On 25-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-13-3 |
| 21 | വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-14 |
| 22 | മാങ്കോ കൗണ്ടി റിസോർട്ട് - അനധികൃത നിർമ്മാണങ്ങളിൽ ഫീൽഡ് പരിശോധന നടത്തുന്നില്ല. സോഫ്റ്റ്‌വെയറിൽ മുഴുവൻ ഇനങ്ങളുടെയും വിവരങ്ങൾ " Functionality" എന്ന ഹെഡിൽ ചേർത്തിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-15 |
| 23 | മുഴുവൻ ലൈഫ് ഭവനങ്ങളും -സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-16 |
| 24 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-17 |
| 25 | ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്<br>Written By: P. Sujatha (Audit Officer, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-17-1 |
| 26 | ചെലവഴിക്കാത്ത തുക -ജില്ലാ പഞ്ചായത്ത്<br>Written By: P. Sujatha (Audit Officer, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-17-2 |
| 27 | ചെലവഴിക്കാത്ത തുക - ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട്<br>Written By: P. Sujatha (Audit Officer, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-17-3 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-18 |

| | | |
|---|---|---|
| 29 | തെരുവ് വിളക്ക് പരിപാലനം - ഭീമമായ വൈദ്യുതി ചാർജ്ജ് കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 03-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-19 |
| 30 | കോവിഡ്-19 പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 03-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-20 |
| 31 | വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം-കുടിശ്ശിക തീർപ്പ് കൽപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-21 |
| 32 | ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-22 |
| 33 | എം സി എഫ് കെട്ടിടനിർമ്മാണവും അനുബന്ധപ്രവർത്തികളും -പദ്ധതി നടപ്പിലാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-23 |
| 34 | ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് പദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: A. Sujatha (Asst. Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-24 |
| 35 | പുതിയ ഓഫീസ് കെട്ടിടത്തിൽ ഭൗതികസാഹചര്യം ഒരുക്കൽ-ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-25 |
| 36 | വാർദ്ധക്യ കാലപെൻഷൻ അപേക്ഷകൾ തീർപ്പുകൽപിക്കുന്നതിൽ കാലതാമസം<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-26 |
| 37 | പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു<br>Written By: Anitha K (Auditor, On 24-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-27 |
| 38 | ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Anitha K (Auditor, On 24-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-28 |
| 39 | അങ്കണവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-29 |
| 40 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തുക പൂർണ്ണതോതിൽ നൽകേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-30 |
| 41 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-31 |

| | | |
|---|---|---|
| | Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | |
| 42 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ഗുണഭോക്തൃവിഹിതം ഫോം നം. XXXIII രസീതി മുഖേന പിരിച്ചെടുക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-32 |
| 43 | ഏറ്റെടുത്ത പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-33 |
| 44 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-34 |
| 45 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 30-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-35 |
| 46 | ലൈഫ് ഭവൻ പദ്ധതി-ജനറൽ/scp മുഴവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല(2019-20,2020-21)<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-35-1 |
| 47 | ലൈഫ് ഭവനം-അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-35-2 |
| 48 | ലൈഫ് മിഷൻ ഭവനങ്ങളുടെ കുക്കുസ് റിപ്പയർ-പൂർത്തീകരണ വിവരവും ഓവർസിയർ വാല്യവേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-36 |
| 49 | അഗതി -അവലോകനം -അഗതികൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-37 |
| 50 | വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 15-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-38 |
| 51 | MGNREGS -മെറ്റീരിയൽ പ്രവർത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-39 |
| 52 | മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-39-1 |
| 53 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 29-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-40 |
| 54 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-41 |
| 55 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-42 |

| | | |
|---|---|---|
| | Written By: P. Sujatha (Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | |
| 56 | കൊട്ടന്തിരപ്പള്ളി ജി.എൽ.പി.എസ്. സ്കൂൾ അറ്റകുറ്റപണി - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 01-12-2021)<br>Last Updated By: Anish A (Computer Assistant, On 20-01-2022) | 1-43 |
| 57 | പഞ്ചായത്ത് ആസ്തികൾ - പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-44 |
| 58 | പകൽവീട് നിർമ്മാണം<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-44-1 |
| 59 | ജ്യോതിർഗമയ പാനപ്പറമ്പ് ഗ്രാമീണ വായനശാല കെട്ടിട നിർമ്മാണം<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-44-2 |
| 60 | ഭാരത രത്ന ഇന്ദിരാജി ജന്മശതാബ്ദി സ്മാരക ഷോപ്പിംഗ് കോംപ്ലക്സ്<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 1-44-3 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: P. Sujatha (Audit Officer, On 28-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: P. Sujatha (Audit Officer, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: P. Sujatha (Audit Officer, On 28-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 02-12-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 28-11-2021)<br>Last Updated By: Anish A (Computer Assistant, On 21-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് -വിവിധ പത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 26-02-2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 28276040 |
| തൻവർഷം വരവ് | 254660600 |
| ആകെ വരവ് | 282936640 |
| ചെലവ് | 273089000 |
| നീക്കിയിരിപ്പ് | 9847640 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് |
|---|---|---|
| പ്രരംഭ ബാക്കി | 28276040 | 62095579 |
| തൻവർഷം വരവ് | 254660600 | 120748847 |
| ആകെ വരവ് | 282936640 | 182844426 |
| ചെലവ് | 273089000 | 151483501 |
| നീക്കിയിരിപ്പ് | 9847640 | 31360925 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 31-05-2021 | ----- | ----- |

### 1-2-1 2020-21 വാർഷിക കണക്കിലെ അപാകതകൾ

1) പെർമിറ്റ് ഫീ ഇനത്തിൽ 2020-21 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 347218/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവു വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 40391/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുവന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

3)ഡി & ഒ ലൈസൻസ്-വാർഷിക ധനകാര്യ പത്രിക പ്രകാരം Advance-173750-,collection-187990 രൂപയാണ് എന്നാൽ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) തൊഴിൽ നികുതി - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ സംക്ഷിപ്തം എഴുതാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി ഒത്തു നോക്കുവാൻ സാധിച്ചിട്ടില്ല.

5) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

6) വെള്ളക്കര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) Literacy Grant- B-4 Schedule-ൽ 149529/-നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

8) MGNREGS- ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്- ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9)ജലനിധി- കനറാ ബാങ്ക്-അക്കൗണ്ട് 1443101012810-ലുള്ള തുക 91101- Transferred To Unclaimed Deposit എന്ന ഹെഡിൽ എടുത്തിട്ടുണ്ട്. അഞ്ചു വർഷത്തോളമായി കനറാ ബാങ്കിൽ ടി തുക മുതനിക്ഷേപമായി അവശേഷിക്കുന്നതിനാൽ ബാങ്ക് അധികൃതർ തെറ്റായി റിസർവ്വ് ബാങ്കിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട് .ആയത് റിസർവ്വ് ബാങ്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

10) 2019-20 വർഷം 320300199 എന്ന ഹെഡിലാണ് ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് ₹20100000/- വരവിലെടുത്തിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഈ ഫണ്ടിൽ നിന്നും ₹19500000/- തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4- ൽ ₹20100000/- ബാലൻസ് കാണിച്ചിരിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിലും ഈ ഹെഡിൽ ₹600000/- ബാലൻസ് തുക ഉണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ് ഒഴിവാക്കി 320400199 എന്ന ഹെഡിൽ തൻവർഷ വരവ്, ചെലവ്, നീക്കിയിരിപ്പ് മാത്രം കണക്കിലെടുത്തിട്ടുള്ളൂ. ബാങ്ക് അക്കൌണ്ട് (SBI) യിൽ ഈ തുക കൂടി ഉൾപ്പെട്ടതാണ് നീക്കിയിരിപ്പ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62095579 |

| | |
|---|---|
| വരവ് | 120748847 |
| ആകെ | 182844426 |
| ചെലവ് | 151483501 |
| നീക്കിയിരിപ്പ് | 31360925 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 10589450 | 10589450 | 10535250 | 54200 |
| വികസനഫണ്ട് എസ്.സി.പി | 0 | 6423457 | 6423457 | 5691699 | 731758 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11885000 | 11885000 | 11879651 | 5349 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4835321 | 4835321 | 4821978 | 13343 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 13367978 | 13367978 | 11198394 | 2169584 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 8930000 | 8930000 | 3591555 | 5338445 |

| | | | | | |
|---|---|---|---|---|---|

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹8312679/- വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

(*) ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹8001750, അങ്കണവാടി വർക്കർമാർക്കും സഹായികൾക്കും ഉള്ള പ്രതിഫലത്തുക ഇനത്തിൽ ₹1795800 എന്നിവ ജനറൽ വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്.

ഹഡ്കോ ലോൺ തിരിച്ചടവ് ഇനത്തിൽ ₹703686 എസ്.സി.പി. വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളതാണ്.

ശേഷിക്കുന്ന അലോട്ട്മെന്റ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 921409 | 1818812 | 2740221 | 942724 | 1797497 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13477 | 1452877 | 1466354 | 1459897 | 6457 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 31906821 | 31906821 | 31906821 | 0 |
| ആകെ | 13477 | 33359698 | 33373175 | 33366718 | 6457 |

*3. ശുചിത്വ ഫണ്ട്*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ | 0 | 3948335 | 3948335 | 352500 | 3595835 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വം | | | | | |
| സമ്പൂർണ്ണ ശുചിത്വം | 3785074 | 0 | 3785074 | 0 | 3785074 |
| TSC | 0 | 210000 | 210000 | 210000 | 0 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 13640000 | 13640000 | 10460000 | 3180000 |
| ലൈഫ് മിഷൻ* | 20100000 | 0 | 20100000 | 19500000 | 600000 |
| സാക്ഷരത | 145118 | 4411 | 149529 | 0 | 149529 |
| ജലനിധി | 89532 | 1569 | 91101 | 91101 | 0 |

*2019-20 വർഷം 320300199 എന്ന ഹെഡിലാണ് ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് ₹20100000/- വരവിലെടുത്തിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഈ ഫണ്ടിൽ നിന്നും ₹19500000/- തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4- ൽ ₹20100000/- ബാലൻസ് കാണിച്ചിരിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിലും ഈ ഹെഡിൽ ₹600000/- ബാലൻസ് തുക ഉണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ് ഒഴിവാക്കി 320400199 എന്ന ഹെഡിൽ തൻവർഷ വരവ്, ചെലവ്, നീക്കിയിരിപ്പ് മാത്രം കണക്കിലെടുത്തിട്ടുള്ളൂ. ബാങ്ക് അക്കൌണ്ട് (SBI) യിൽ ഈ തുക കൂടി ഉൾപ്പെട്ടതാണ് നീക്കിയിരിപ്പ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 182776673 | 183 | 99974930 | --- | 71 | 72 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 7721240 | 6592824 | 85.39 |
| വി.ഇ.ഒ. | 16 | 8 | 88977422 | 34472200 | 38.74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4 | 7174201 | 4034145 | 56.23 |
| സെക്രട്ടറി | 43 | 28 | 23318728 | 17879362 | 76.67 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 153 | 118 | 44374374 | 32804611 | 73.93 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1408728 | 716605 | 50.87 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 450000 | 415658 | 92.37 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 350000 | 320410 | 91.55 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 3085000 | 1346720 | 43.65 |
| പ്രധാന അധ്യാപകൻ | 5 | 1 | 1771780 | 206055 | 11.63 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 2 | 2 | 820000 | 620000 | 75.61 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 3325200 | 566340 | 17.03 |
| ആകെ | 254 | 183 | 182776673 | 99974930 | 54.7 |

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13447 | 1452877 | 1466324 | 1459867 | 6457 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 3190685 | 3190685 | 3190685 | 0 |
| ആകെ | 13447 | 4643562 | 4657009 | 4650552 | 6457 |

*MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ വരവ് 1404046/- രൂപയും ചെലവ് 1417493/- രൂപയുമാണ് ചെക്ക് ഇഷ്യ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിലാളികളുടെ കൂലിയായി രേഖപ്പെടുത്തിയിട്ടുള്ളത് 33366718/- രൂപയാണ്. ആകെ വരവ് ചെലവുകൾ MGNREGS വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7125600 | 479 |
| 2 | വിധവാ പെൻഷൻ | 25621600 | 1679 |
| 3 | വാർദ്ധക്യകാല പെൻഷൻ | 41270000 | 2894 |
| 4 | വികലാംഗ പെൻഷൻ | 6386300 | 424 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1023400 | 67 |
| 6 | വിധവകളുടെ പെൺമക്കളുടെ ധനസഹായം | 840000 | 28 |
| 7 | തൊഴിലില്ലായ്മ വേതനം | 35760 | 51 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-11-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 22069/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

രസീതി ബുക്ക് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ ബാങ്കിലൊടുക്കുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്.

വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും വെള്ളക്കരം ഡിമാന്റ്, കളക്ഷൻ, ബാലൻസ്, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും വെള്ളക്കരത്തിലുള്ള കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന കുടിശ്ശിക തീർപ്പുകൽപിക്കുന്നതിനായി വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മാലിന്യ സംസ്കരണത്തിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹8312679/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൌണ്ടന്റ് ജനറലിന്റെ 2005-06 മുതൽ 2009-10 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.
പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് ഏപ്രിൽ 2021 മുതൽ ജൂലൈ 2021 വരെ 12.8.2021 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

## 1-11 രശീതി പരിശോധന -അപാകതകൾ

1. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിരിക്കുന്ന 43029, 43032, 43033, 43034, 43035, 43043 രശീതി

ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2 .രശീതി പുസ്തകം നമ്പർ 43034ലെ 1/43034 ,18/43034, 53/43034 ,60/43034 61/43034 ,71/43034 രശീതികൾ ,രശീതി പുസ്തകം നമ്പർ 43035 ലെ 12/43035,75/43035,88/43075 എന്നീ രശീതികൾ എന്നിവ ക്യാൻസിൽ ചെയ്യതിന്റെ കാരണം രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യിട്ടില്ല.

3. 16.01.2021 ലെ ഡേ ബുക്ക് കളക്ഷൻ 9590 ആണ്. പ്രസ്തുത തുക അടവാക്കിയത് 25.01.2021 -ൽ ആണ്. തുക അടവാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/17.11.2021 -ന് മറുപടി ലഭ്യമാക്കിട്ടില്ല.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

പിരായിരി ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിലെ കാര്യക്ഷമത പരിശോധിക്കാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-12-1 ലൈസൻസ് ഫീ- മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്യിട്ടുണ്ട്.

| വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ്ജ് | 15000/- |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിവരുന്നത്

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | ലൈസൻസ് ഫീസ് |
|---|---|---|---|
| കൃഷ്ണദാസ് | കരിങ്കൽ ക്വാറി | 5/876 | 4000 |
| ഗഫൂർ പി.പി | ഫെയ്മസ് ഫുഡ് പ്രൊഡക്ഷൻ | 5/675 | 3500 |
| അജിത്ത് ഭാസ്കരൻ | ഫീനിക്സ് മൊബൈൽസ് | 12/381 | 4000 |
| ബാധുഷ പി. എം | ടി ടി ഫ്യൂൽസ് | 1/915 | 4000 |
| കെ.പി. ഹംസ | മീന പ്ലാസ ഓഡിറ്റോറിയം | 3/681 | 1000 |
| സി.മുഹമ്മദ് ഇക്ബാൽ | ഗ്രാന്റ് ഹ്യൂണ്ടായ് | 12/310,311 | 6000 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/17.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-2 കരിങ്കൽ ക്വാറി - പുതുക്കലിനുള്ള അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.

കൃഷ്ണദാസ് എന്ന വ്യക്തിയുടെ കല്ലേക്കാട് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കി നല്കിയിട്ടുണ്ട്. തൻവർഷം പുതുക്കലിനുള്ള അപേക്ഷയോടൊപ്പം പെട്രോളിയം& എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നുള്ള NOC, മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുള്ള അനുമതി എന്നീ രേഖകളെല്ലാം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പെട്രോളിയം& എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നുള്ള NOC ഒഴികെയുള്ള രേഖകളുടെ കാലാവധി 2019 – 2020 സാമ്പത്തിക വർഷത്തിനു മുമ്പുള്ളതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി

നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. കൃഷ്ണദാസ് എന്ന വ്യക്തിയുടെ കല്ലേക്കാട് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ പുതുക്കലിനുള്ള അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/17.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . ക്ലിയറൻസ് ആവശ്യമായ വ്യാപാര സംരംഭകങ്ങളുടെ ലൈസൻസ് പുതുക്കൽ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-3 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/17.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-13-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | ആദ്യപാദം/ രണ്ടാം പാദം |
|---|---|---|
| 1 | BDO, ബ്ലോക്ക് പഞ്ചായത്ത് | ആദ്യപാദം & രണ്ടാം പാദം |
| 2 | ഹ്യുണ്ടായ് ഷോറൂം, കല്ലേക്കാട് | ആദ്യപാദം |
| 3 | റോയൽ എൻഫിൽഡ് | ആദ്യപാദം |
| 4 | സിൽവർ ടൈൽസ്, കല്ലേക്കാട് | ആദ്യപാദം |
| 5 | മഹേന്ദ്ര ഷോറൂം, കല്ലേക്കാട് | ആദ്യപാദം |
| 6 | രാജീവ് ഗാന്ധി ആശുപത്രി, കല്ലേക്കാട് | ആദ്യപാദം & രണ്ടാം പാദം |
| 7 | VMUP സ്കൂൾ, കല്ലേക്കാട് | ആദ്യപാദം & രണ്ടാം പാദം |
| 8 | സപ്ലൈകോ ഡിപ്പോ, | ആദ്യപാദം |

| | | |
|---|---|---|
| | കൊടുന്തിരപ്പുള്ളി | |
| 9 | SML ഫിനാൻസ് ലിമിറ്റഡ് | ആദ്യപാദം & രണ്ടാം പാദം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/18.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (I & II അർദ്ധ വർഷം)

1. വിൻലക്സ്

2. ഹ്ണ്ടായ് ഷോറൂം, കല്ലേക്കാട്

3.മുത്തൂറ്റ് ഫിൻ കോർപ്പ്സ്, കൊടുന്തിരപ്പുള്ളി

4.ധനലക്ഷ്മി ബാങ്ക്, കൊടുന്തിരപ്പുള്ളി

5. റോയൽ എൻഫിൽഡ്

6. സപ്ലൈകോ ഡിപ്പോ, കൊടുന്തിരപ്പുള്ളി

7.കേരള ഗ്രാമീൺ ബാങ്ക്, കൊടുന്തിരപ്പുള്ളി

8.കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊടുന്തിരപ്പുള്ളി

9.കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പിരായിരി

10.കോ-ഓപ്പറേറ്റീവ് ബാങ്ക്, കല്ലേക്കാട്

11 ഇന്ത്യൻ ബാങ്ക്, പിരായിരി

12. ഇ.ആർ.എ.എം. മോട്ടോർസ്, മേപ്പറമ്പ്

13. ഇസാഫ് മൈക്രോഫിനാൻസ്, മേപ്പറമ്പ്

14. അനുഗ്രഹ കല്യാണ മണ്ഡപം, കൊടുന്തിരപ്പുള്ളി

15. അലി ഫോർഡ്, കല്ലേക്കാട്

16.പാർളി അഗ്രോ, മേപ്പറമ്പ്

17. ഏബിൾ സ്കൂബൈക്ക്, എൽ.എൽ.പി. മേപ്പറമ്പ്

18. എച്ച്.പി. കോണ്ടിനന്റൽ ബിവീലേഴ്സ് പ്രൈ. ലിമിറ്റഡ്

19. എസ്.എം.എൽ. ഫിനാൻസ്, മേപ്പറമ്പ്

20. ഹൈ ടെക്ക് ഓഡിറ്റോറിയം, പിരായിരി

21. ബി.എസ്.എൻ.എൽ., പിരായിരി

22.പോപ്പുലർ മെഗാ മോട്ടോർസ്

23.. മാംഗോ കൗണ്ടി റിസോർട്ട്

24.. പി.വി.ആർ. വീൽസ്, കുറിശ്ശാംകുളം

മേൽ 18/18.11.2021 ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിട്ടില്ല.

1-13-3 തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

തൊഴിൽ നികുതി ഇനത്തിലുള്ള വരവ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളിലെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും വർഷാന്ത്യത്തിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ ഓഡിറ്റ് അന്വേഷണം 18/18.11.2021 ന മറുപടി ലഭ്യമാക്കിട്ടില്ല.

1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 2020-21 സാമ്പത്തിക വർഷാവസാനത്തിൽ ആകെ 4191749/- രൂപ (തൻവർഷം- 2054112 + കുടിശ്ശിക- 2137637) പിരിച്ചെടുക്കാൻ ബാക്കിയായി നിലനിൽക്കുന്നുണ്ട്. 1994കേരള പഞ്ചായത്ത് ആകറ്റ് വകുപ്പ് 243(3) പ്രകാരം വസ്തു നികുതി കുടിശ്ശിക യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വഷണത്തിൽ അത് നഷ്ട്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച്ച മൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ട്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാവുന്നതാണ്. ഇത്രയും വസ്തു നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സെക്രട്ടറി, സ്റ്റാൻറ്റിങ്ങ് കമ്മിറ്റി (ധനകാര്യം) നടപടികൾ അറിയിക്കേണ്ടതാണ് പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203, 207 ബന്ധപ്പെട്ട മറ്റ് ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 മാങ്കോ കൗണ്ടി റിസോർട്ട് - അനധികൃത നിർമ്മാണങ്ങളിൽ ഫീൽഡ് പരിശോധന നടത്തുന്നില്ല. സോഫ്റ്റ്‌വെയറിൽ മുഴവൻ ഇനങ്ങളുടെയും വിവരങ്ങൾ " Functionality" എന്ന ഹെഡിൽ ചേർത്തിട്ടില്ല.

വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഡാറ്റാ എൻട്രി നടത്തിയത്തിയിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ മുഴവൻ വിവരങ്ങൾ " Functionality" എന്ന ഹെഡിൽ ചേർത്തിട്ടില്ല. ഉദാ- പിരായിരി ഗ്രാമ പഞ്ചായത്തിലെ വാർഡ്-20 (അത്താല്ലൂർ)ലാണ് മാങ്കോ കൗണ്ടി റിസോർട്ട് ഉള്ളത്. ശ്രീ.സേതുമാധവൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളാണ് മാങ്കോ കൗണ്ടി എന്ന സ്ഥാപനത്തിന്റേതായി കാണിച്ചിട്ടുള്ളത്. 220/593, 220/592 എന്നീ രണ്ടു കെട്ടിടങ്ങളും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, ഗോഡൗൺ, റെസ്റ്റോറന്റ് എന്ന് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വിഭാഗം കെട്ടിടത്തിന് ഒരു ച.മീ.ന് 40/-

രൂപയാണ് അടിസ്ഥാന നികുതി നിരക്ക്.

മാങ്കോ കൗണ്ടി റിസോർട്ട് ഓഡിറ്റ് ടീമും, പഞ്ചായത്തിലെ പൊതുമരാമത്ത് ഓവർസിയറും ചേർന്ന് നടത്തിയ പരിശോധനയിൽ നിന്നും മേൽ സ്ഥാപനത്തിൽ രണ്ടിൽ കൂടുതൽ കെട്ടിടങ്ങൾ ഉള്ളതായി വ്യക്തമായി . റെസ്റ്റോറന്റ്-1 , വില്ലകൾ-7, സ്വിമ്മിങ്ങ് പൂൾ-1, മീറ്റിങ് ഹാൾ തുടങ്ങിയ സൗകര്യങ്ങളും നിലവിലുണ്ട്. ഇവയൊന്നും വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സോഫ്റ്റ്‌വെയറിൽ മുഴുവൻ വിവരങ്ങൾ " Functionality" എന്ന ഹെഡിൽ ചേർത്തിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

പഞ്ചായത്തിൽ നിന്നും നികുതി നിർണയിച്ച കെട്ടിടങ്ങൾ കൂടാതെ, ഈ സ്ഥാപനത്തിൽ പിന്നീട് നിർമിച്ച് ചേർത്തിട്ടുള്ള മറ്റ് കെട്ടിടങ്ങൾക്ക് പെർമിറ്റ് എടുത്തിട്ടുണ്ടോ എന്നതും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. പെർമിറ്റില്ലാതെയാണ് നിർമാണം നടത്തിയിരിക്കുന്നതെങ്കിൽ കെ.പി.ബി.ആർ നിയമപ്രകാരം ക്രമവൽക്കരിച്ച് നികുതി ഈടാക്കേണ്ടതാണെന്നും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ(2017-18) സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലും അനധികൃതമായി റിസോർട്ട് നടത്തുന്നു. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന് സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ തുടരുന്നതായി കാണുന്നു. മേൽ സ്ഥാപനത്തിൽ സെക്രട്ടറി KPBR ചട്ടപ്രകാരം നടപടി സ്വീകരിക്കാത്തതിന് വിശദീകരണം എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും മറുപടി ലഭിച്ചിട്ടില്ല.

1) നികുതി നിർണ്ണയിക്കാത്ത വില്ലകൾ



2)





ഓഡിറ്റ് നിർദേശം

1)റിസോർട്ടുകൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2) നികുതി ചോർച്ച തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണ്ടതാണ്.

1-16 മുഴുവൻ ലൈഫ് ഭവനങ്ങളും -സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടില്ല

വി.ഇ.ഒ.യുടെ വാച്ച് രജിസ്റ്റർ, വൗച്ചറുകൾ പരിശോധിച്ചതിൽ 2019-20, 2020-21 വർഷങ്ങളിൽ 193 ലൈഫ് മിഷൻ ഭവനങ്ങൾ വീടു പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ 193 ഭവനങ്ങളിൽ ഭാഗികമായി മാത്രമെ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ളൂ. ലൈഫ് ഭവനങ്ങൾക്ക് 60ച .മീ വരെയുള്ളവർക്ക് വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല വി.ഇ.ഒ റിപ്പോർട്ട്, രേഖകൾ പ്രകാരം മൂന്ന് ഗുണഭോക്താക്കൾ 60 ച.മീ കൂടുതൽ ച.മീറ്ററിൽ വീടുപണി നടത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 193 ഗുണഭോക്താക്കളിൽ ആരും തന്നെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ അവസാന ഗഡു നൽകിയിട്ടുമുണ്ട്. 193 ഭവനം പൂർത്തീയാക്കിയ ഗുണഭോക്താക്കൾ "ഒക്യൂപൈ " ചെയ്തിട്ടുണ്ടോയെന്നും ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഭവനം പൂർത്തിയാക്കിയ 193 ഗുണഭോക്താക്കൾക്ക് 400000/- വീതം 7,720,0000/- ചെലവഴിച്ചിട്ടുണ്ട്. മുഴുവൻ തുകയും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിക്കുകയും 60 ച .മീ കൂടുതൽ ച .മീറ്ററിൽ വീടുപണി നടത്തിയിട്ടുണ്ടെങ്കിൽ വസ്തു നികുതി നിർണ്ണയത്തിൽ കൊണ്ടു വരേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം

1)60 ച.മീ കൂടുതൽ ച.മീറ്ററിൽ വീടുപണി നടത്തിയിട്ടുള്ള ലൈഫ് ഭവനങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2) നികുതി ചോർച്ച തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണ്ടതാണ്.

1-17 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

തുകകൾ ഏതു വർഷം എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/10.11.2021 (2019-20), 1/10.11.2021 (2020-21) എന്നിവയ്ക്ക് ലൈഫ് മിഷൻ ഭവന പദ്ധതിക്കായി ലഭിച്ച തുക നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ചെലവഴിച്ച് വരുന്നുണ്ട് എന്നും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും 5/10.11.2021 എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1/10.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ കൃത്യത ഉറപ്പാക്കി അപാകതകൾ പരിഹരിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ചെലവഴിക്കാത്ത തുകകളുടെ വിവരങ്ങൾ ഖണ്ഡിക 1-17-1 (ബ്ലോക്ക് പഞ്ചായത്ത്), 1-17-2 (ജില്ലാ പഞ്ചായത്ത്), 1-17-3 (ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട്) എന്നിവയിൽ ചേർത്തിട്ടുണ്ട്.

1-17-1 ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത്

| ഹെഡ് | തുക ലഭിച്ച വർഷം | പ്രൊജക്ട് വിവരം | ബാലൻസ് തുക B-4 | തൻവർഷം വരവ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 320700204 | 2018-19 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 7359 | 124800 | ബ്ലോക്ക് പഞ്ചായത്ത് |
| | 2018-19 & 2019-20 | സമഗ്ര നെൽകൃഷി വിതരണം (സമൃദ്ധി) | 113481 | | |
| | 2018-19 | ലാപ്ടോപ് | 450000 | | |

1-17-2 ചെലവഴിക്കാത്ത തുക -ജില്ലാ പഞ്ചായത്ത്

| ഹെഡ് | തുക ലഭിച്ച വർഷം | പ്രൊജക്ട് വിവരം | ബാലൻസ് തുക B-4 | തൻവർഷം വരവ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 320700205 | 2019-20 | ലൈഫ് മിഷൻ (ജനറൽ) | 3637914 | --- | ജില്ലാ പഞ്ചായത്ത് |
| | 2019-20 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 26450 | | |
| | 2018-19 | ഭിന്നശേഷി ക്കാർക്കുള്ള സ്കോളർഷിപ്പ് | 17880 | | |

1-17-3 ചെലവഴിക്കാത്ത തുക - ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട്

2019-20 വർഷം 320300199 എന്ന ഹെഡിലാണ് ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് ₹20100000/- വരവിലെടുത്തിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഈ ഫണ്ടിൽ നിന്നും ₹19500000/- തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-4-ൽ ₹20100000/- ബാലൻസ് കാണിച്ചിരിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിലും ഈ ഹെഡിൽ ₹600000/- ബാലൻസ് തുക ഉണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ് ഒഴിവാക്കി 320400199 എന്ന ഹെഡിൽ തൻവർഷ വരവ്, ചെലവ്, നീക്കിയിരിപ്പ് മാത്രം കണക്കിലെടുത്തിട്ടുള്ളൂ. ബാങ്ക് അക്കൌണ്ട് (SBI) യിൽ ഈ തുക കൂടി ഉൾപ്പെട്ടതാണ് നീക്കിയിരിപ്പ്. കൂടാതെ ഈ ഹെഡിൽ മുന്നിരിപ്പ് തുക ₹250286/- ഉണ്ട്. 2020-21 സാമ്പത്തിക വർഷത്തിലും ഈ തുക ചെലവഴിച്ചിട്ടില്ല. തുക എന്ത് ആവശ്യത്തിന് ഏതു വർഷം ലഭിച്ചു എന്നും ഈ തുക ഏതു അക്കൌണ്ടിലാണ് എന്നുള്ള വിവരവും ലഭ്യമായില്ല. 320300199 എന്ന ഹെഡ് ഒഴിവാക്കിയതു വഴി ഈ തുകകൾ ഏതു രീതിയിലാണ് അക്കൌണ്ട് ചെയ്തത് എന്ന വിവരം ലഭ്യമായിട്ടില്ല.

1-18 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 282/21 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ | 35/29.12.20 വികസനഫണ്ട് | 56429 | KSEB, മേലാമുറി |

| | | | | | |
|---|---|---|---|---|---|
| | | തെരുവ് വിളക്കിന് ലൈൻ വലിക്കൽ | | | |
| 2 | 332/21 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000762/16.11.20<br>22000777/16.11.20<br>22000879/22.12.20 | 19360<br>10268<br>30936 | KSEB, പറളി |
| 3 | പ്രൊജക്ട് ഇല്ല | വാർഡ് 2 ൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | വൗച്ചർ നം.22000660/19.10.20 | 25682 | KSEB, മേലാമുറി |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചപ്പോൾ പ്രവർത്തി നടപ്പിലാക്കുന്ന ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19.11.21)മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-19 തെരുവ് വിളക്ക് പരിപാലനം - ഭീമമായ വൈദ്യുതി ചാർജ്ജ് കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല.

മേലാമുറി, പറളി എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് 2019-20, 2020-21 വർഷങ്ങളിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് യാതൊരു കണക്കും നിലവില്ല. തെരുവ് വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) വൈദ്യുതി ചാർജിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലായി താഴെപ്പറയും പ്രകാരമാണ് വൈദ്യുത ചാർജിനത്തിൽ കെ എസ് ഇ ബിയിലേക്ക് ഒടുക്കിയിട്ടുള്ളത്. ഈയിനത്തിൽ കുടിശ്ശികയൊന്നും ഒടുക്കാനുള്ളതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| വർഷം | തുക |
|---|---|

| | |
|---|---|
| 2019-20 | 3023529 |
| 2020-21 | 3354448 |

മേലാമുറി സെക്ഷനുകീഴിൽ 71 കൺസ്യൂമർ നമ്പറുകളാണുള്ളത്. ആയതിൽ ഒരെണ്ണത്തിന് മീറ്ററിംഗ് സംവിധാനം ഏർപ്പെടിത്തിയിട്ടില്ല. മേലാമുറി സെക്ഷനു കീഴിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 2 ലക്ഷത്തിനും 3 ലക്ഷത്തിനും ഇടയ്ക്കാണ്. (ഫെബ്രുവരി മാസത്തെ തുക മാർച്ചിൽ ഡിമാന്റ് ചെയ്ത് അടവാക്കിയത് 283757/- രൂപയാണ്).

പറളി സെക്ഷനു കീഴിലെ വിളക്കുകൾക്ക് പ്രതിമാസം 40000 ത്തിനും 50000 നും ഇടയിൽ ചെലവ് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത് ഭൂരിഭാഗവും ട്യൂബ്‌ലൈറ്റുകൾ ആയതിനാലാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഉയർന്നിരിക്കുന്നത്.

3) മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവ് വിളക്കുകളുടെ വിവരം മേലാമുറി സെക്ഷനിലെ 4010481 എന്ന കൺസ്യൂമർ നമ്പറിനു കീഴിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല.

കെ എസ് ഇ ബി.യിൽ നിന്നും ഈ കൺസ്യൂമർ നമ്പറിനു കീഴിലെ വിളക്കുകളുടെ വിവരം, നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

4) പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

2019-20, 2020-21 വർഷങ്ങളിലായി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് നിരവധി പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതികൾ പ്രകാരം എല്ലായിടത്തും സ്ഥാപിച്ചിട്ടുള്ളത് ഊർജ്ജ ഉപഭോഗം കൂടിയ ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകളാണ്.

| പ്രൊജക്ട് നം. | അടങ്കൽ തുക | ചെലവ് തുക | സ്ഥാപിച്ച വിളക്കുകളുടെ എണ്ണം |
|---|---|---|---|
| 134/20 | 146200 | 145580 | 116 |
| 135/20 | 331500 | 331320 | 264 |
| 176/20 | 380300 | 380265 | 303 |
| 266/21 | 400000 | 398269 | 196 |
| 264/21 | 140000 | 140000 | 69 |
| 268/21 | 200000 | 199134 | 98 |
| 269/21 | 75000 | 75000 | 37 |
| 270/21 | 165000 | 162558 | 80 |
| ആകെ | | 1832126 | 1163 |

2019-20 വർഷത്തിൽ 683 വിളക്കുകളും 2020-21 വർഷത്തിൽ 480 വിളക്കുകളുമാണ് പുതിയതായി സ്ഥാപിച്ചിട്ടുള്ളത്. ആയതിൽ ഒന്നു പോലും ഊർജ്ജ ഉപഭോഗം കുറവുള്ള എൽ ഇ ഡി വിളക്കുകൾ ഇല്ല. ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കുകയുണ്ടായില്ല.

ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള എല്ലാ ലാമ്പുകൾക്ക പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

5)തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവരം

2019-20, 2020-21 വർഷങ്ങളിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം. | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 142/20 | 439717 |
| 2020-21 | 66/21 | 487975 |
| | 271/21(റിപ്പയറിനാവശ്യമായ സാധനങ്ങൾ വാങ്ങൽ) | 413750 |
| | 110/21(സ്പിൽ ഓവർ) | 487840 |
| | 243/21 | 98640 |

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം ഇല്ലാതെയാണ് തെരുവ് വിളക്ക് റിപ്പയറിന് എ.എം.സി അനുവദിക്കുന്നത്. റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകുന്നുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രവും വാങ്ങി സൂക്ഷിക്കുന്നുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയൊന്നും ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/12.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി ആയുസ്സ് കൂടുതൽ ഉള്ളതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി

ത്വരിതപ്പെടുത്തേണ്ടതാണ്.

1-20 കോവിഡ്-19 പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിലെ അപാകതകൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ CFLTC മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ച് തനത് ഫണ്ടിൽ നിന്നും മാനേജ്മെന്റ് കമ്മറ്റിക്ക് തുക കൈമാറുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. മാനേജ്മെന്റ് കമ്മറ്റിയുടെ അക്കൗണ്ട് ബുക്ക് പ്രകാരം 1305927/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള മാനേജ്മെന്റ് കമ്മറ്റിയുടെ പേരിൽ കനറാബാങ്കിൽ 1443101023820 എന്ന നമ്പറിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും നോഡൽ ഓഫീസർക്ക് അനുവദിക്കുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവഴിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1100000/- രൂപ നോഡൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. കോവിഡ് പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക റീക്ലപ്പ് ചെയ്യുന്നതിനായി DDMA ഫണ്ട് 650000/- രൂപ ജില്ലാ കളക്ടറിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

നോഡൽ ഓഫീസർക്ക് തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തുക |
|---|---|
| 22000384/15.7.20 | 150000 |
| 22000496/25.8.20 | 250000 |
| 22000587/30.9.20 | 100000 |
| 22000638/30.9.20 | 200000 |
| 22000689/27.10.20 | 200000 |
| 22000770/16.11.20 | 200000 |

ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.
- ബാങ്ക് അക്കൗണ്ട് 31.3.2021 തീയതിയിൽ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
- കോവിഡ് പ്രവർത്തനങ്ങൾക്കായുള്ള ഈ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- 2020-21 വർഷത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകകൾ Extra Ordinary Expences എന്ന ഹെഡിലും Advavce To Implementing Officer എന്ന ഹെഡിലുമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020-2021 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| പദ്ധതി നം. | വകയിരുത്തിയ തുക |
|---|---|
| 295/21 കോവിഡ് 19-പ്രതിരോധ പ്രവർത്തനങ്ങൾ | 400000/-(വികസനഫണ്ട്) |

വികസന ഫണ്ട് വകയിരുത്തിയ പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ കോവിഡ് പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

3)മേൽപ്പറഞ്ഞ തുകയിൽ നിന്നും സി.എഫ്.എൽ.ടി.സി.ക്കായി താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 22000230/25.5.20 | 10700 | 19 Foam Bed |
| 22000408/1.7.20 | 12150 | ഫാൻ വാങ്ങിയതിന്റെ ചെലവ്, എത്ര എണ്ണം എന്ന് ഇല്ല. ഇൻവോയിസ് ഇല്ല |
| ചെക്ക് നം.211161/21.8.20 | 11000 | ഫ്രിഡ്ജ് വാങ്ങിയത് |
| 211162/21.8.20 | 5242 | പില്ലോ കവർ 13 എണ്ണം |
| 211166/26.8.20 | 23475 | വൈ ഫൈ മോഡം ആന്റ് ആക്സസറീസ് |
| 211167/27.8.20 | 63135 | 76 ബെഡ് 143 പില്ലോ |
| 2111401/1.10.20 (സെൽഫ് ചെക്ക്) | 16279 | സ്റ്റേഷനറി സാധനങ്ങൾ |
| 2111408/23.10.20 | 22605 | സ്റ്റേഷനറി സാധനങ്ങൾ |
| 2111410/28.10.20 | 18950 | ഹീറ്റർ |
| 221842/2.11.20 | 29300 | പ്രിന്റർ 2 എണ്ണം |

- വാങ്ങിയ സാധനങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.
- കോവിഡ് പ്രവർത്തനങ്ങൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല.
- നിലവിൽ ഇവ ഏത് രീതിയിലാണ് പ്രയോജനപ്പെടുത്തുന്നതെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയതിന്റെ വിവരം ലഭ്യമാക്കിയില്ല.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്.

4) സി എഫ് എൽ ടിസിക്ക് ഭക്ഷണം- തുക ചെലവഴിച്ചതിലെ അപാകതകൾ

സി എഫ് എൽ ടിസിക്ക് ഭക്ഷണം നൽകുന്നതിനായി മുഹമ്മദ് ഇക്ബാൽ, പുളിയപ്പറമ്പ് എന്ന വ്യക്തിയുമായി CFLTC മാനേജ്മെന്റ് കമ്മറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിക്ക് ആവശ്യമായ തുക പ്രതിദിനം 150 രൂപയാണ്.

ചെക്ക് നം. 211170/30.9.20 പ്രകാരം 50000/- രൂപ ടിയാന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് നൽകിയിട്ടുള്ള ബില്ലുകളിൽ നിന്ന് ഈ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല. തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു

| ചെക്ക് നം. | തുക | എണ്ണം | കാലയളവ് |
|---|---|---|---|
| 221845/7.12.20 | 131550 | 877*150 | 12.11.20 മുതൽ 22.11.20 വരെ |
| 221845/24.2.20 | 56850 | 379*150 | 23.11.20 മുതൽ 2.12.20 വരെ |
| 221843/11.11.20 | 96150 | 641*150 | 2.11.20 മുതൽ 11.11.20 വരെ |

മുൻകൂർ തുക പിന്നീടുള്ള ബില്ലുകളിൽ കുറവ് ചെയ്യാത്തതിനാൽ 50000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

CFLTC സെന്ററിൽ പന്തൽ വർക്ക് ചെയ്യുന്നതിനായി കരാറിൽ ഏർപ്പെട്ട മോഹനൻ OMT പന്തൽ വർക്സ് എന്ന വ്യക്തിക്ക് തുക അനുവദിക്കുന്നതിനായി ചെക്ക് നം. 221846/24.2.20 പ്രകാരം 42000 രൂപ സെൽഫ് ചെക്കായി നോഡൽ ഓഫീസർ പിൻവലിച്ചിട്ടുണ്ട്. ടിയാൻ ചെക്ക് വ്യക്തിക്ക് അനുവദിക്കുന്നതിനുപകരം സെൽഫ് ചെക്കായി പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയതിന്റെ വിവരം ലഭ്യമാക്കുയുണ്ടായില്ല.

നിലവിൽ സി എഫ് എൽടി സി പ്രവർത്തിക്കുന്നില്ല. 2020-21 വർഷത്തിനു ശേഷം കോവിഡ് മാനേജ്മെന്റ് കമ്മറ്റിയുടെ അക്കൗണ്ട് ബുക്കിൽ ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/22.11.21) മറുപടി ലഭ്യമാക്കുകയോ ആവശ്യമായ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1-21 വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം-കുടിശ്ശിക തീർപ്പ് കൽപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

എ) ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് 152688/-രൂപ വീതം പ്രതിമാസം വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. 5250/- രൂപ നിരക്കിൽ 349 ടാപ്പുകൾക്കുള്ള തുകയാണ് നൽകുന്നത്. എന്നാൽ 4/19 ൽ വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 6318338 കുടിശ്ശികയും 123936 രൂപ ഫൈനും ഒടുക്കാനുണ്ട്.

മാർച്ച് 2021 ൽ കുടിശ്ശിക (28.2.2021 വരെയുള്ള) 7858735/-രൂപയും ഫൈൻ 154150/-രൂപയുമായി ഉയർന്നു. എല്ലാ മാസവും പ്രതിമാസ തുക അടവാക്കുന്നുണ്ടെങ്കിലും ഓരോ മാസവും ഒരു ലക്ഷത്തിനു മുകളിലുള്ള തുക കുടിശ്ശികയിനത്തിൽ കൂട്ടിചേർത്താണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്.

ഡിമാന്റ് നം. 47328/8.12.20

| ഡിസംബർ2020 | | ഫെബ്രുവരി | |
|---|---|---|---|
| 30.11.20 വരെ കുടിശ്ശിക | 7256774 | 30.1.2021 വരെ കുടിശ്ശിക | 7707492 |
| ഫൈൻ | 142343 | ഫൈൻ | 151243 |
| തൻമാസ ഡിമാന്റ് | 152688 | തൻമാസ ഡിമാന്റ് | 152688 |
| ആകെ | 7551805 | ആകെ | 8165573 |

യഥാർത്ഥത്തിൽ ഫെബ്രുവരി മാസത്തിൽ വരേണ്ട കുടിശ്ശിക തുക

7256774 + 152688 (12/20 ഡിമാന്റ്) – 142343 (12/20ൽ അടവാക്കിയ തുക) + 152688 (1/20 ഡിമാന്റ്) =7419807

ഫെബ്രുവരി മാസത്തിൽ കുടിശ്ശികയായി കാണിച്ച തുക = 7707492/-

വ്യത്യാസം-287685/-

കുടിശ്ശികയായി നിലനിൽക്കുന്ന തുകയോടൊപ്പം ഓരോ മാസവും 2% പലിശ കൂടി ചേർത്താണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്.

ബി) ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നില്ല.

2019-20 ൽ പദ്ധതി ഫണ്ടിൽ നിന്നും വെള്ളക്കരം കുടിശ്ശികയായി 172404/-രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും കുറവ് ചെയ്ത് കാണുന്നില്ല. (2018-19 ലും ഇത്തരത്തിൽ സോഴ്സിൽ നിന്ന് കുറവ് ചെയ്ത തുക ഡിമാന്റിൽ നിന്ന് കുറവ് ചെയ്തിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്).

കുടിശ്ശിക തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ബി) സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും

അത്തരത്തിലുള്ള രേഖകളൊന്നും ലഭ്യമാക്കിയില്ല

സി) പൊതുടാപ്പുകളുടെ രജിസ്റ്റർ.

വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി) ഗാർഹിക കണക്ഷൻ അനുവദിച്ചതിന്റെ വിവരം.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ പദ്ധതിയുടെ സമീപനം. ഇപ്രകാരമുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/12.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല

ഓഡിറ്റ് നിർദ്ദേശം

- ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക അതാത് മാസം തന്നെ ഒടുക്കുവാനും കുടിശ്ശിക വരുത്താതിരിക്കുവാനും വൻ തുക ഒടുക്കുന്നതിനുള്ള സാഹര്യം ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
- നിലനിൽക്കുന്ന കുടിശ്ശിക തീർപ്പുകൽപിക്കുന്നതിനായി വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- സംയുക്തപരിശോധന നടത്തിയതിനു ശേഷം വാർഡ് അടിസ്ഥാനത്തിലുള്ള പൊതുടാപ്പുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല

"പൂട്ടൂർ കുടിവെള്ള പദ്ധതി" എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. ഈ കുടിവെള്ള പദ്ധതിക്കു കീഴിലുള്ള കുടിവെള്ള കണക്ഷനുകളുടെ വിവരം സംബന്ധിച്ച യാതൊരു കണക്കും ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. ഗുണഭോക്താക്കളിൽ നിന്നും യഥാവിധി വെള്ളക്കരം പിരിച്ചെടുക്കുന്നില്ല.

കുടിവെള്ള പദ്ധതി പ്രവർത്തിപ്പിക്കുന്നതിനായി ഒരു പമ്പ് ഓപ്പറേറ്ററെ നിയമിച്ച് പ്രതിദിനം 350/-രൂപ നിരക്കിൽ വേതനം നൽകുന്നുണ്ട്. കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസിനായി പദ്ധതി തയ്യാറാക്കാതെ പെറ്റി വർക്കുകളായാണ് റിപ്പയർ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

ഓഡിറ്റ് വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | 2019-20 | 2020-21 |
|---|---|---|

| | | |
|---|---|---|
| വൈദ്യുതി ചാർജ്ജസ് | 65967 | 115515 |
| ആസ്തി പരിപാലന ചെലവ് | 58208 | 79441 |
| പമ്പ് ഓപ്പറേറ്റർമാരുടേയും, പ്ലംമ്പറുടേയും വേതനം | 120750 | 128800 |
| ആകെ | 244925 | 323756 |

ഈ പദ്ധതിയിൽ നിന്നും ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുത്ത കുടിവെള്ള ചാർജ്ജിന്റെ വിവരം

| വർഷം | തുക |
|---|---|
| 2019-20 | 28799 |
| 2020-21 | 9675 |

2019-20 വർഷത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിച്ചിരുന്ന കുടിശ്ശിക 163461/- രൂപയാണ്. 2020-21 വർഷത്തിൽ ഈ തുക പിരിച്ചെടുക്കാതെ തന്നെ ബാലൻസ് ഷീറ്റിൽ നിന്നും പിരിച്ചെടുക്കാനുള്ള തുക ഒഴിവാക്കിയിരിക്കുന്നു. 2020-21ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ 31.03.2021 വരെ ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 15780/- രൂപ മാത്രമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഇതിന്റെ നടത്തിപ്പ് ചുമതല ഭാവിയിൽ ബാധ്യതയായി മാറുന്നതാണ്.

സർക്കാർ ഉത്തരവ് (സാധാ) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/20.11.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) കുടിവെള്ള പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ശരിയായ ഡിമാന്റ് കണ്ടെത്തേണ്ടതുമാണ്

3) വെള്ളക്കരത്തിലുള്ള കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുവാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്. യഥാർത്ഥ കുടിശ്ശിക വാർഷികകണക്കിൽ പ്രതിഫലിക്കേണ്ടതാണ്

4)വെള്ളക്കരത്തിലൂടെ ഈടാക്കുന്ന തുകകളേക്കാൾ ചെലവ് വളരെ ഉയർന്ന് നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ചെലവ് കുറവ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാവേണ്ടതാണ്. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വെള്ളക്കരത്തിന്റെ നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-23 എം സി എഫ് കെട്ടിടനിർമ്മാണവും അനുബന്ധപ്രവർത്തികളും -പദ്ധതി നടപ്പിലാക്കിയില്ല

മാലിന്യസംസ്കരണത്തിനുള്ള എം.സി.എഫ് നിർമ്മാണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| പദ്ധതി നം. | പേര് | അടങ്കൽ തുക |
|---|---|---|
| 280/21 | എം സി എഫ് സ്ഥാപിക്കൽ | 1200000/- കേന്ദ്രാവിഷ്കൃത ഫണ്ട് |

അംഗീകാരം നേടിയ പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/19.11.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മഴക്കാല പൂർവ്വ വാർഡ് തല ശുചീകരണ പ്രവർത്തനങ്ങളൊഴികെ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണത്തിനായി കാര്യക്ഷമമായ മറ്റ് പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

1-24 ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. 109/21 (2019-20 No.180/20)

ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്(വനിത)

അടങ്കൽ- ₹.1300000/-

വികസനഫണ്ട്-300000

മറ്റുള്ളവ-1000000

നിർവ്വഹണം-സെക്രട്ടറി

ചെലവ്- ₹.99832/- (ബിൽ നം. 1/30.4.20- വികസനഫണ്ട്)

2019-20 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിക്കുകയും ആയത് സ്പിൽ ഓവറായി 2020-21 വർഷത്തിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് MGNREG മായി സംയോജിപ്പിച്ച് മിതമായ നിരക്കിൽ ഹോളോബ്രിക്സ് നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടു കൊണ്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സോളിഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതിനായി 21ാം വാർഡിൽ വർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിനാണ് വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്.

വർക്കിംഗ് ഷെഡ് 2020-21 വർഷത്തിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള ഇലക്ട്രിഫിക്കേഷൻ, ഹൈഡ്രോളിക് മെഷീൻ-വൈബ്രേറ്റർ സ്ഥാപിക്കൽ, നിർമ്മാണ സാമഗ്രികൾ വാങ്ങൽ എന്നിങ്ങനെയുള്ള അനുബന്ധ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതിക്കായി മറ്റ് ഏജൻസികളിൽ നിന്ന് വകയിരുത്തിയ ഫണ്ട് 1000000/- രൂപ ലഭ്യമാക്കാതെയാണ് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഷെഡ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതിക്കായി നിർമ്മിച്ച ഷെഡ് ഉപയോഗപ്പെടുത്തുന്നതിനും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/19.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 പുതിയ ഓഫീസ് കെട്ടിടത്തിൽ ഭൗതികസാഹചര്യം ഒരുക്കൽ- ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല

നിർവ്വഹണം-സെക്രട്ടറി

താഴെപ്പറയുന്ന രണ്ട് പ്രവർത്തികൾ 2020-21 വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

1)പ്രൊജക്റ്റ് നം.242/21 – പുതിയ ഓഫീസ് കെട്ടിടത്തിൽ ഭൗതികസാഹചര്യം ഒരുക്കൽ

അടങ്കൽ-(തനത്ഫണ്ട്-926291)

ചെലവ്- 920416

2020-21 വർഷത്തിൽ നടപ്പിലാക്കിയ മേൽപ്പറഞ്ഞ പ്രവർത്തിക്കായി താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. സിഡ്കോ മുഖേനയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നം. | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക |
|---|---|---|---|---|
| 1 | 22000086/27.4.20 | 452368 | PKD/19-20-140 /28.1.20 | 474653 |
| 2 | 22000087/27.4.20 | 208420 | PKD/19-20-166 /10.2.20<br>PKD/19-20-165 /10.2.20 | 218687 |
| 3 | 22000268/11.12.20 | 227076 | TVM/20-21-91 /15.9.20 | 227076 |

2)പ്രൊജക്റ്റ് നം.135/21 - ഫ്രണ്ട് ഓഫീസ് നവീകരണവും റെക്കോഡ് റൂം സജ്ജീകരിക്കലും

അടങ്കൽ-(പ്ലാൻ-780000

തനത്-329439)

ചെലവ്- 1109439

2020-21 വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രവർത്തിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ആർട്കോ മുഖേനയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നം. | ബിൽ നം | തുക | ഇൻവോയിസ് നം. | ഇൻവോയിസ് തുക |
|---|---|---|---|---|
| 1 | 2/30.4.20 | 303645 | 22/26.8.19 | 303645 |
| 2 | 3/30.4.20 | 217984 | 42/18.9.19 | 554571 |
| 3 | 4/30.4.20 | 258371 | 41/18.9.19<br>43/19.9.19 | 235303<br>23068 |
| 4 | 22000380/29.6.20 | 313683 | 42/18.9.19 | 554571 |

മേൽപ്പറഞ്ഞ രണ്ട് പ്രവർത്തികളിലും പൊതുവായി കണ്ട അപാകതകൾ താഴെ ചേർക്കുന്നു

. ഇന്റീരിയർ പ്രവർത്തി നടത്തിയതിന്റെ വിവരം/ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും

ആസ്തിമൂല്യം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

- ചെയ്ത ഇന്റീരിയർ പ്രവർത്തിയുടെ അളവ് സാങ്കേതിക ക്ഷമതയുള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/19.11.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ പ്രവർത്തികൾക്കായി ആകെ ചെലവഴിച്ച തുക 2029855/- രൂപ (920416 + 1109439) തടസപ്പെടുത്തുന്നു.

## 1-26 വാർദ്ധക്യ കാലപെൻഷൻ അപേക്ഷകൾ തീർപ്പുകൽപിക്കുന്നതിൽ കാലതാമസം

2019-20, 2020-21 വർഷത്തിൽ ലഭിച്ച പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നില്ല.

- പെൻഷൻ അപേക്ഷാ രജിസ്റ്ററിൽ പെൻഷൻ തീർപ്പു കൽപിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. (അപേക്ഷ ക്രമ നം. 104 മുതൽ 173 വരെ, 217 മുതൽ 260 വരെയുള്ള അപേക്ഷകൾ)
- അന്വേഷണത്തിനായി നൽകുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നില്ല. പെൻഷൻ അപേക്ഷാ രജിസ്റ്ററിലെ ക്രമ നം.342 മുതൽ 413 വരെയുള്ള 72 അപേക്ഷകൾ 18.2.21 ന് അന്വേഷണത്തിനായി വി.ഇ.ഒ ക്ക് കൈമാറിയിട്ടുണ്ട്. അന്വേഷണം കഴിഞ്ഞ് തിരികെ ലഭ്യമാക്കിയത് 15.6.21 തീയതിയിലാണ്. ക്രമ നം. 342 മുതൽ 413 വരെയുള്ള അപേക്ഷകൾ 18.2.21 കൈമാറിയെങ്കിലും തിരികെ ലഭ്യമായത് 15.6.21 തീയതിയിലാണ്.
- അപേക്ഷ അന്വേഷണത്തിന് കൈമാറുന്നതിലും കാലതാമസം നേരിടുന്നുണ്ട്. 19.10.20 തീയതി മുതൽ ലഭ്യമായ ക്രമ നം.342 മുതലുള്ള അപേക്ഷകൾ അന്വേഷണത്തിന് നൽകുന്നത് 18.2.21 തീയതിയിലാണ്.

പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/20.11.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പാലിയേറ്റീവ് കെയർ നഴ്സമാർക്ക് ഇൻസെന്റീവ് - ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട്നമ്പർ, പ്രോജക്ടിന്റെ പേര് | 10. സ്പർശം പെയിൻ & പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക | 1000000 (900000 + 100000) |
| ഫണ്ടിനം | വികസന ഫണ്ട്- സാധാരണ വിഹിതം & ബ്ലോക്ക് ഫണ്ട് |
| ചെലവ് തുക | 456294 |

സർക്കാർ ഉത്തരവ് (സാധാ) നം.1 : 1820/2020/ത.സ്വ.ഭ.വ, തിയതി 05/10/2020-ന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച പാലിയേറ്റീവ് കെയർ നഴ്സമാർക്ക് സെപ്റ്റംബർ 2020 മുതൽ

മാർച്ച് 2021 വരെ 1000/- രൂപ വീതം ഇൻസെന്റീവ് ആയി അനുവദിച്ച് ആറു മാസത്തേക്കു കൂടി തുടർ അനുമതി നൽകിയിരുന്നു. ഉത്തരവിൽ പ്രസ്തുത തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ശ്രീമതി. സാവിത്രി.ടി.ജി, പാലിയേറ്റീവ് കെയർ നഴ്സ്സിന് 2000/- (സെപ്റ്റംബർ 2020 മുതൽ ഒക്ടോബർ 2020 വരെയുള്ള തുക) രൂപ ബിൽ നമ്പർ 9.2020/13.10.20, 12.2020/05.11.2020 പ്രകാരം വികസന ഫണ്ടിൽ നൽകിയതായി കാണുന്നു.

മേൽ പറഞ്ഞ സർക്കാർ ഉത്തരവിനു വിരുദ്ധമായി, തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക, വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/18.11.2021 -ന് മറുപടി ലഭ്യമാക്കിട്ടില്ല. പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് നൽകുന്ന ഇൻസെന്റീവ് തനത് ഫണ്ടിൽ നിന്നു മാത്രമേ ചെലവഴിക്കാനാവൂ എന്ന പ്രത്യേക സർക്കാർ ഉത്തരവു നിലനിൽക്കേ ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. പ്രസ്തുത തുക 2000/- രൂപ തനതു ഫണ്ടിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 ഹോമിയോ ആശുപത്രിക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2020 – 2021 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയതും മരുന്നു വാങ്ങുന്നതിനു വേണ്ടി ചെലവഴിച്ചതുമായ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 92 - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും മറ്റനുബന്ധ സാമഗ്രികളും വാങ്ങൽ |
| അടങ്കൽ തുക, | 300000/- |
| ചെലവഴിച്ച തുക | 300000/- |
| വിഭാഗം | പൊതു വിഭാഗം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം ) |
| ട്രഷറി ബിൽ നം. | 1/8-12-2020 – ₹300000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| വിതരണ എജൻസി | ഹോംകോ ലിമിറ്റഡ്, ആലപ്പുഴ |
| ടാക്സ് ഇൻവോയിസ് നമ്പർ | PF - 1026<br>01/12/2020 |
| തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ | നെഫ്റ്റ് ട്രാൻസ്ഫർ<br>യു.ടി.ആർ നം :U000000829550284, 08.12.2020 |

| | |
|---|---|
| | തുക: 300000/- |
| വിതരണ ഏജൻസി തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ | റസീപ്റ്റ് നം: 3636<br>തിയതി: 24.12.2020 |
| വിതരണ ഏജൻസി ഇതുവരെ ലഭ്യമാക്കിയ മരുന്നുകളുടെ വിശദാംശങ്ങൾ | LF-651 , 15..06.2021,<br>തുക: 85744/- |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | 300000 -85744 = 214256 |

ഈ പ്രൊജക്ടുകൾ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണം നം.2/12.11.2021 ന് മറുപടിയായി മരുന്നുകൾ ലഭ്യമാക്കാൻ വിതരണ ഏജൻസിക്കു ഓർമക്കുറിപ്പ് നൽകിട്ടുണ്ടെന്നും എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-29 അങ്കണവാടികൾക്ക് ന്യൂട്രിമിക്സിന് പർച്ചേസ് ബില്ലിൽനിന്നും നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല.

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന പ്രൊജക്ടുകളിൽ നിയമാനുസൃത ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1) പ്രൊജക്റ്റിന്റെ പേര് - അങ്കണവാടി പോഷകാഹാരം(ജനറൽ)

പ്രൊജക്റ്റ് നം. - 55/21

അടങ്കൽ - 3000000 രൂപ (വികസനഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം - 2000000 രൂപ കേന്ദ്രാവിഷ്കൃതഫണ്ട് - 1000000 രൂപ)

ചെലവ് - 2942724 രൂപ

2.) പ്രൊജക്റ്റിന്റെ പേര് - അങ്കണവാടി പോഷകാഹാരം(എസ്.സി)

പ്രൊജക്റ്റ് നം. - 56/21

അടങ്കൽ - 300000 രൂപ (വികസനഫണ്ട് (എസ്.സി.പി)-200000രൂപ,
കേന്ദ്രാവിഷ്കൃതഫണ്ട് - 100000രൂപ)

ചെലവ് - 184073 രൂപ

മേൽ പ്രൊജക്റ്റുകൾ വഴി അമ്മു ഫുഡ്സ് കുടുംബശ്രീ യൂണിറ്റ് മുഖേന ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് 2438957.5/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ നിയമാനുസൃത ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം. | ബിൽ തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| 1 | 290 | 194258.74 | 185132 | 3702.64 |
| 2 | 291 | 24177 | 23026 | 460.52 |
| 3 | 292 | 29719 | 28304 | 566.08 |
| 4 | 328 | 195041 | 185878 | 3717.56 |
| 5 | 330 | 30693 | 29232 | 584.64 |
| 6 | 329 | 23872 | 22736 | 454.72 |
| 7 | 374 | 200777.50 | 191345 | 3826.9 |
| 8 | 372 | 49816 | 47444 | 948.88 |
| 9 | 373 | 29353 | 27956 | 559.12 |
| 10 | 206 | 159802 | 152295 | 3045.9 |
| 11 | 207 | 30815 | 29348 | 586.96 |
| 12 | 208 | 24177 | 23026 | 460.52 |
| 13 | 167 | 174702 | 166495 | 3329.9 |
| 14 | 169 | 27648 | 26332 | 526.64 |
| 15 | 168 | 23690 | 22562 | 451.24 |
| 16 | 126 | 174963 | 166743.50 | 3334.87 |
| 17 | 127 | 28379.40 | 27028 | 540.56 |
| 18 | 128 | 24908 | 23722 | 474.44 |
| 19 | 085 | 151980 | 142800 | 2856 |
| 20 | 086 | 26065.20 | 24824 | 496.48 |
| 21 | 087 | 21375.90 | 20358 | 407.16 |
| 22 | 041 | 172393 | 161980 | 3239.6 |
| 23 | 044 | 25578 | 24360 | 487.2 |
| 24 | 043 | 21193 | 20184 | 403.68 |
| 25 | 005 | 145498.50 | 136710 | 2734.2 |
| 26 | 006 | 26552.40 | 25288 | 505.76 |
| 27 | 007 | 20401.50 | 19430 | 388.6 |
| 28 | 249 | 29597.40 | 28188 | 563.76 |
| 29 | 250 | 24238.20 | 23084 | 461.68 |
| 30 | 251 | 193215.74 | 181545 | 3630.9 |
| 31 | 1254 | 20401.50 | 19430 | 388.6 |

| | | | | |
|---|---|---|---|---|
| 32 | 1255 | 26552.40 | 25288 | 505.76 |
| 33 | 1256 | 11365.20 | 10824 | 216.48 |
| 34 | 401 | 26065.20 | 24824 | 496.68 |
| 35 | 402 | 29353.80 | 27966 | 559.12 |
| 36 | 1253 | 152501.50 | 143290 | 2865.8 |
| ആകെ | | | 2438957.5 | 48779.15 |

ആയതിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.6/15-11-2021) മറുപടിയായി, കുടുബശ്രീ യൂണിറ്റുകളിൽ വാങ്ങുന്ന ബില്ലുകളിൽ ജി എസ് ടി - ടിഡിഎസ് എന്നിവ സർക്കാരിലേയ്ക്ക് സ്ഥാപനം അടവാക്കുന്നതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ഭാവിയിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി കുറക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നികുതി ഒഴികെയുള്ള തുക 250000/- രൂപയിൽ അധികമായാൽ ജി എസ് ടി - ടിഡിഎസ് ഈടാക്കേണ്ടതാണ്.

1-30 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തുക പൂർണ്ണതോതിൽ നൽകേണ്ടതാണ്

പ്രൊജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്

പ്രൊജക്ട് നം. - 49/21

നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 1746500 രൂപ {(വികസനഫണ്ട് - 900000), ബ്ലോക്ക് പഞ്ചായത്ത് വിഹിതം -125000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം- 721500)}

ചെലവ് - 890200/- രൂപ

29.01.2018ലെ ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1(4) പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ സ.ഉ.(എം.എസ്) നം.22/2018/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

ആകെ 60 കുട്ടികൾക്കാണ് 2020-21 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ട് പ്രകാരം തുകയ്ക്ക് അർഹത ഉണ്ടായിരുന്നത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 38 കുട്ടികൾക്ക് സ്കോളർഷിപ്പ് തുകയായി 24000/- രൂപ വീതമാണ് നല്കിയിരിക്കുന്നത്. എന്നാൽ അപ്രകാരമുള്ള കുട്ടികൾക്ക് അർഹതയുള്ള തുക 28500/- രൂപയാണ്.

അർഹതയുള്ള തുക – 38 കുട്ടികൾ = 38*28500 =1083000/-രൂപ

നല്കിയ തുക – 38 കുട്ടികൾ =38*24000 = 912000/- രൂപ

വ്യത്യാസം = 171000/- രൂപ.

ആയത് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ (നം.6/15-11-2021)ത്തിന് മറുപടിയായി ശാരീരിക

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്ക പ്രകാരമുള്ള സ്കോളർഷിപ്പ് തുക ഭാവിയിൽ നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

അർഹതയുള്ള കുട്ടികൾക്ക് വരും വർഷങ്ങളിൽ പൂർണ്ണതോതിൽ സ്കോളർഷിപ്പ് തുക വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 41 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 23 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 16 |
| 4 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 10 |
| 5 | ചുറ്റമതിൽ ഇല്ലാത്തവ | 7 |

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 1797497/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010 ൽ പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. (ഓഡിറ്റ് അന്വേഷണം- നം.17/17-11-2021.)

ഓഡിറ്റ് നിർദ്ദേശം

1) ചെലവഴിക്കാൻ ബാക്കിയുള്ള കേന്ദ്രവിഹിതം വിനിയോഗിച്ച് പഞ്ചായത്ത് പരിധിയിലെ അംഗനവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

1-32 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ഗുണഭോക്തൃവിഹിതം ഫോം നം. XXXIII രസീതി മുഖേന പിരിച്ചെടുക്കേണ്ടതാണ്

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി താഴെപ്പറയുന്ന പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. അവയിൽ ഗുണഭോക്തൃ വിഹിതം ഫോം നം. XXXIII രസീതി മുഖേനയല്ല പിരിച്ചെടുത്തിരിക്കുന്നത്.

I) വീടുകൾ കേന്ദ്രീകരിച്ചുള്ള പച്ചക്കറി വികസനം, യുവാക്കളെയും മടങ്ങി വരുന്ന പ്രവാസികളേയും കൃഷിയിലേക്ക് കൊണ്ടു വരിക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, സ്വന്തമായി കൃഷി ഇല്ലാത്തവർക്ക് മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യങ്ങളായി താഴെപ്പറയുന്ന പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം. - 260/21

പ്രൊജക്റ്റിന്റെ പേര് - സുഭിക്ഷകേരളം - ഗ്രോ ബാഗ് വിതരണം

അടങ്കൽ – 420000/- രൂപ (വികസന ഫണ്ട്- 315000/-രൂപ, ഗുണഭോക്തൃ വിഹിതം-105000/- രൂപ)

ചെലവ്- 420000/- രൂപ

വി.എഫ്.പി.സി.കെ യിൽ നിന്നാണ് ഗ്രോബാഗ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.6 ലെ വ്യവസ്ഥ അനുസരിച്ച് "ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടക്കണമെന്ന് " രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്റ്റുകളുടെ ഗുണഭോക്തൃവിഹിതം 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20 (ബി) പ്രകാരം ഫോം നം. XXXIII രസീതി മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ഈ പ്രൊജക്റ്റ് നടപ്പിലാക്കാനായി ഗുണഭോക്തൃ വിഹിതം (105000/-രൂപ) ഫോം നം.XXXIII രസീതി മുഖേനയല്ല പിരിച്ചെടുത്ത് പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത്.

II) പ്രൊജക്റ്റ് നം. - 36/21

പ്രൊജക്റ്റിന്റെ പേര് - നെല്ല് വിത്ത് വിതരണം

അടങ്കൽ – 714420/- രൂപ (വികസനഫണ്ട്-500000/- രൂപ, ഗുണഭോക്തൃവിഹിതം-214420/- രൂപ)

ചെലവ്- 714420/- രൂപ

നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നാണ് നെൽവിത്ത് വാങ്ങിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതമായ 214420/- രൂപ നിർവ്വഹണോദ്യോഗസ്ഥ പിരിച്ചെടുത്തിരിക്കുന്നത് ഫോം നം. XXXIII രസീതി മുഖേനയല്ല.

മേൽ പ്രൊജക്റ്റുകളുടെ ആകെ ഗുണഭോക്തൃ വിഹിതമായ 319420/- രൂപ പിരിച്ചെടുത്തിരിക്കുന്നത് ഫോം നം. XXXIII രസീതി മുഖേനയല്ല എന്ന് സൂചിപ്പിച്ചു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(നം.24/20-11-2021) മറുപടിയായി, ഗുണഭോക്തൃ വിഹിതമായ 319420/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണെന്നും സർക്കാരിനോ പഞ്ചായത്തിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും മേലിൽ ഫോം നം.XXXIII രസീതി മുഖേന ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയുള്ളു എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വരും വർഷങ്ങളിൽ ഗുണഭോക്തൃവിഹിതം ഫോം നം. XXXIII രസീതി മുഖേന പിരിച്ചെടുക്കേണ്ടതാണ്.

## 1-33 ഏറ്റെടുത്ത പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യനീതി ഉറപ്പാക്കുക, വിദ്യാഭ്യാസ മേഖലയുടെ ഉയർച്ച ഉറപ്പാക്കുക എന്നതിനുതകുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിച്ച്

അതതു മേഖലകളിൽ നടപ്പിലാക്കേണ്ടതാണ്. 2020-2021 വർഷത്തിൽ താഴെപ്പറയുന്ന പ്രൊജക്റ്റുകളാണ് നിർവ്വഹണോദ്യോഗസ്ഥയായ എച്ച്.എം. നടപ്പിലാക്കാനായി ഏറ്റെടുത്തിട്ടുള്ളത്.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|
| 286 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നല്കൽ (എസ്.സി) | 310000 |
| 136 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് നല്കൽ | 400000 |
| 253 | എസ്.സി . വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വാങ്ങിനല്കൽ | 456780 |
| 285 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്ക് സഹായം (എസ്.സി) | 150000 |
| 287 | പട്ടികജാതിഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നല്കൽ | 455000 |

മേൽ പ്രൊജക്റ്റുകളിൽ പ്രൊജക്റ്റ് നം. 136 മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം. 14/17-11-2021) ഗുണഭോക്തൃ ലിസ്റ്റുകൾ പഞ്ചായത്തിൽ നിന്ന് ലഭ്യമായില്ല എന്ന മറുപടിയാണ് ബോധിപ്പിച്ചിട്ടുള്ളത്. അംഗീകാരം നേടിയ പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തതു മൂലം പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് അവയുടെ പ്രയോജനം ലഭിക്കാതെ പോകുന്നു. പദ്ധതി നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ഥാപനവും ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1) പ്രൊജക്റ്റിനായി വകയിരുത്തിയ ഫണ്ടുകൾ ലാപ്സായി പോകാതെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രൊജക്റ്റുകൾ പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2020-2021 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി താഴെപ്പറയുന്ന പ്രൊജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ട്.

| ക്രമ | പ്രൊജക്റ്റ് | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|---|

| നം. | നം. | | |
|---|---|---|---|
| 1 | 45 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 375000 |
| 2 | 261 | അങ്കണവാടി പോഷകാഹാരം(എസ്.സി) | 100000 |
| 3 | 272 | അങ്കണവാടി പോഷകാഹാരം(ജനറൽ) | 1062201 |
| 4 | 273 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 213000 |
| 5 | 274 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 227500 |
| 6 | 275 | അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ | 100000 |

മേൽ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്താത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ് എന്നാരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/15-11-2021) മറുപടിയിൽ, മേൽ പ്രൊജക്റ്റുകളിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭിക്കാനാനുണ്ടായ കാലതാമസം, കോവിഡ് മഹാമാരി മൂലം ടെൻഡർ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിച്ചില്ല എന്നിവയാണ് കാരണങ്ങളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഏറ്റെടുക്കുന്ന പ്രൊജക്റ്റുകൾ സമയബന്ധിതമായി നിർവ്വഹിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-35 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)-അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും, ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. 2019-20, 2020-21 വർഷങ്ങളിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം (2019-20, 2020-21)

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അംഗീകരിച്ച അന്തിമ ലിസ്റ്റിൽ ഇരു വിഭാഗങ്ങളിലുമായി 802 ഗുണഭോക്താക്കളുണ്ട്. 2019-20, 2020-21 ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 470ഉം എസ്.സി വിഭാഗത്തിൽ 34ഉം ഗുണഭോക്താക്കളുമാണുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്. 470 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. നിലവിൽ 193 ഭവനനിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

A) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്റ്റ് നം - 16/20 )

2019-20 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2019-20 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പൊതുവിഭാഗം സാധാരണ വിഹിതം | 16/20 3000000 | 2880000 |
| ബ്ലോക്ക് പഞ്ചായത്ത് | 5141230 | 400000 |
| ജില്ലാ പഞ്ചായത്ത് | 3922952 | 0 |
| മറ്റുള്ളവ (വായ്പ) | 90006398 | 71546398 |
| ആകെ | 102070580- | 78426398- |

ഇതു കൂടാതെ (188/20) 194246398-(അടങ്കൽ), 1280000-(ചെലവ്), (186/20) 556640- (അടങ്കൽ), 551332 (ചെലവ്) വരുന്ന സ്പിൽ ഓവർ പദ്ധതികൾ കൂടി നടപ്പാക്കിയിട്ടുണ്ട്.

B) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം പ്രൊജക്ട് എസ്.സി.പി

34 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. നിലവിൽ 22 ഭവനനിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| എസ്.സി.പി | 900000 | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 576000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 1476000 | 900000 |

ഇതു കൂടാതെ(190/20) 3637554-(അടങ്കൽ),

1200000(ചെലവ്), വരുന്ന സ്പിൽ ഓവർ പദ്ധതികൾ കൂടി നടപ്പാക്കിയിട്ടുണ്ട്.

A) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്ട് നം 70/21) 2020-21

| ഫണ്ട് | 2020-21 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പൊതുവിഭാഗം സാധാരണ വിഹിതം | 4500000 | 1280000 |
| ബ്ലോക്ക് പഞ്ചായത്ത് | 3496181 | 200000 |
| ജില്ലാ പഞ്ചായത്ത് | 0 | 0 |
| മറ്റുള്ളവ | 18460000 | 0 |
| ആകെ | 26456181 | 1480000 |

ഇതു കൂടാതെ(264/21) 42524182-(അടങ്കൽ),

27380000- (ചെലവ്), വരുന്ന സ്പിൽ ഓവർ പദ്ധതി കൂടി നടപ്പാക്കിയിട്ടുണ്ട്.

B) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം പ്രൊജക്ട് നം.58/21

S/c

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| സാധാരണ വിഹിതം | 1500000 | 1084000 |
| ബ്ലോക്ക് പഞ്ചായത്ത് | 677200 | 677200 |
| ജില്ലാ പഞ്ചായത്ത് | 309859 | 0 |
| മറ്റുള്ളവ | 0 | 0 |
| ആകെ | 2487059 | 1761200 |

ഇതു കൂടാതെ(245/21) 576000-(അടങ്കൽ),

576000- (ചെലവ്), വരുന്ന സ്പിൽ ഓവർ പദ്ധതി കൂടി നടപ്പാക്കിയിട്ടുണ്ട്.

ഹഡ്കോ ലോൺ

KURDFC യിൽ നിന്നും 2019-20 വർഷം 68886398/-രൂപ വായ്പ ലഭ്യമായിട്ടുണ്ട്. 2020-21 വർഷം 1860000/- രൂപ വായ്പ ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2) സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-35-1 ലൈഫ് ഭവൻ പദ്ധതി-ജനറൽ/scp മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല(2019-20,2020-21)

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ അനുസരിച്ച് പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർ നാല് ലക്ഷം രൂപയുടെ ധനസഹായത്തിൽ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | ചെലവ് | പൂർത്തീകരിച്ചവരുടെ എണ്ണം | പൂർത്തീകരിക്കുവാന് ബാക്കിയായവരുടെ എണ്ണം |
|---|---|---|---|---|---|
| 1<br>2 | ഭവന നിർമ്മാണം (ലൈഫ് മിഷൻ) | 16/20<br>അടങ്കൽ | 78426398-<br>551332 | 193 | 277 |

| | | | | | |
|---|---|---|---|---|---|
| 3<br>4<br>5 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ)<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ)spllover | 102070580-<br>186/20 (Spill Over)<br>556640-<br>188/20 (Spill Over<br>194246398<br>70/21<br>26456181<br>264/21<br>42524182 | 1280000-<br>1480000<br>27380000- | | |
| 1<br>2<br>3 | ഭവന നിർമ്മാണം (ലൈഫ് മിഷൻ) SC<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ) Sc<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ) SC<br>ഭവന നിർമ്മാണം (ലൈഫ് മിഷൻ) Spill Over SC | 18/20<br>അടങ്കൽ<br>1476000<br>190/20(spill Over)<br>3637554<br>58/21<br>2487059<br>245/21<br>576000 | 900000-<br>1200000-<br>1761200-<br>576000- | 22 | 12 |

ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉണ്ടാകേണ്ടതാണ്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-35-2 ലൈഫ് ഭവനം-അപാകതകൾ

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതായ വിഷയങ്ങളാണ് പരിശോധനയിലൂടെ ലക്ഷ്യമിടുന്നത്. പ്രോജക്ട് രൂപീകരണം, അംഗീകാരം, നടത്തിപ്പ്, സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വിതരണം മുതലായ കാര്യങ്ങളിൽ പഞ്ചായത്ത് രാജ് ആക്ട്, മറ്റു ബാധകമായ നിയമങ്ങളും ചട്ടങ്ങളും. മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് അനുസൃതമായാണോ ചെലവുകൾ നടത്തിയിട്ടുള്ളത് എന്നിവ പരിശോധിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. 2019-20,

2020-21 വർഷങ്ങളിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട് .

ലൈഫ് ഭവന ഗുണഭോക്താവിന്റെ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുകയും, ഭവന നിർമ്മാണ അനുമതി ലഭ്യമായാൽ ധനസഹായം നൽകാവുന്നതാണ്. 2019-20, 2020-21 വർഷങ്ങളിൽ എലിജിബിൾ ആയ 470 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു 40000/-മുൻകൂറായി നൽകിയിട്ടുണ്ട്. 193 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് അനുബന്ധം -4 ഹാജരാക്കേണ്ടതാണ്. ( സ്.ഉ(എം എസ്) 34/2018/തസ്വഭവ Dated 16/03/2018 Para 10) എന്നാൽ വൗച്ചർ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ആരും തന്നെ അനുബന്ധം -4 പ്രകാരമുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് വിവിധ ഘട്ടങ്ങളിൽ ഹാജരാക്കിയിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ വിവിധ ഗഡുക്കൾ വിതരണം നടത്തിയത് മേൽ ഉത്തരവ് പാലിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.

2) 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറില്ലെന്ന കരാർ ചമച്ചിട്ടില്ല .

ലൈഫ് ഭവന പദ്ധതി നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്നത് ഇ എംഎസ് ഭവന പദ്ധതി മാതൃകയിൽ കരാറിൽ ഏർപ്പെടുന്നതിനാണ് . വീടിന്റെ/സ്ഥലത്തിന്റ വകമാറ്റാം ഒഴിവാക്കുന്നതിന് നിശ്ചിത

മാതൃകയിലുള്ള ഒരു കരാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതണം. 12 വർഷത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും വസ്തു കൈമാറില്ല എന്നാണ് കരാർ ചമയ്ക്കേണ്ടതാണ്.

(ലൈഫ്/എൽ.എഫ് 2/ 511/ 2018 13.04.2018 (Q .9 )

LF3/2138/LIFE 2018 Dated22.02.2019 )

ലൈഫ് ഭവനം പൂർത്തീകരിച്ച 193 ഗുണഭോക്താക്കളും 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറില്ലെന്ന കരാർ ചമച്ചിട്ടില്ല.

1-36 ലൈഫ് മിഷൻ ഭവനങ്ങളുടെ കക്കൂസ് റിപ്പയർ-പൂർത്തീകരണ വിവരവും ഓവർസിയർ വാലുവേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം-351- | അടങ്കൽ - 2625000- |
| ടോയ്.ലറ്റ് റിപ്പയർ | ചെലവ്- 352500- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ-<br>അസി.സെക്രട്ടറി | ഫണ്ട്- കേന്ദ്രാവിഷ്കൃതം |

ലൈഫ് മിഷൻ ഭവനങ്ങളുടെ ടോയ്ലറ്റ് റിപ്പയർ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ആരും തന്നെ ഇതുവരെയായി റിപ്പയർ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ലാത്തതായി ബോധ്യപ്പെട്ടു. റിപ്പയറിനു വേണ്ടി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള 141 വ്യക്തികൾക്ക് 5000/- രൂപ രണ്ട് ഗഡുക്കളായി അനുവദിക്കുവാനാണ് പദ്ധതിയിൽ പറഞ്ഞിട്ടുള്ളത്. 141 ഗുണഭോക്താക്കൾക്കും ആദ്യ ഗഡു 2500/- രൂപ വീതം നൽകിയിട്ടുണ്ട്. ആദ്യ ഗഡു അനുവദിച്ചതിന്റെ പൂർത്തീകരണ വിവരവും ഓവർസിയർ വാലുവേഷൻ റിപ്പോർട്ടും ആരും

തന്നെ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച തുകയ്ക്ക് വിനിയോഗ വിവരവും ഓവർസിയർ വാല്യുവേഷൻ റിപ്പോർട്ടും ലഭ്യമാക്കിയ ശേഷം മാത്രമെ രണ്ടാം ഗഡു അനുവദിക്കാവൂ.

ആദ്യ ഗഡു അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ കാണുക

1) 14*2500=35000/-രൂ. ചെക്ക് നം-221936/31-03-2021

2) 37* 2500=92500/-രൂ. ചെക്ക് നം-5994236/27-03-2021

3) 26* 2500 =65000/-രൂ. ,,

4)64* 2500=160000/- ചെക്ക് നം-5994235/24-03-2021

ആദ്യ ഗഡുവിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം (39/22-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും ടോയ്ലറ്റ് റിപ്പയർ പ്രവർത്തി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച ആദ്യഗഡു തിരികെ ഈടാക്കേണ്ടതാണ്.

1-37 അഗതി -അവലോകനം -അഗതികൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിയിട്ടില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. മേൽ പദ്ധതിക്ക് സ .ഉ (എം എസ്) നം-252/2017 തസ്വ ഭ വ, 12-12-2017 കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പിരായിരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 140 കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്റ്റിന്റെ മൊത്തം അടങ്കൽ 14067800/- രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 3999600/- രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം വിവിധ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെ ക്കൊടുക്കുന്നു

| ഇനം | ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 140 |
| മരുന്ന് | 122 |
| വസ്ത്രം | 116 |
| ഭവനം | 76 |
| വിദ്യാഭ്യാസം | 33 |
| കക്കൂസ് | 8 |
| ഭവന പുനരുദ്ധാരണം | 12 |
| വൈദ്യുതി | Nil |
| വെള്ളം | Nil |
| ഭൂമി | 52 |

പ്രൊജക്റ്റ് അംഗീകാരം ലഭിച്ച് 2 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. പ്രൊജക്റ്റിന്റെ പ്രധാന ഘടകങ്ങളായ ഭവനം, കുടിവെള്ളം, കക്കൂസ്,

മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും എടുത്തിട്ടില്ല. പഞ്ചായത്ത് പദ്ധതി വിഹിതം 2019-20, 2020-21 വർഷങ്ങളിൽ വകയിരുത്തിട്ടില്ല .സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്നാണ് നിർദ്ദേശം . ലൈഫ് പദ്ധതിയിൽ രണ്ട് ഘട്ടം കഴിഞ്ഞിട്ടും അഗതികൾക്കാർക്കും ഭവനം നൽകിയിട്ടില്ല.

കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 1941368/- രൂപ വീതം ചലഞ്ച് ഫണ്ട് ലഭിച്ചുപയോഗിച്ച് ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (കനറാ ബാങ്ക്-1443101023235) അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

അഗതിരഹിത കേരളം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1. അഗതിരഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തികാണുന്നില്ല.

2.ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചുനൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി വർഷത്തിലൊരിക്കൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (22-19/11/21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) സേവന പരിചരണ പാക്കേജുകൾ ആവശ്യമുള്ള കുടുംബങ്ങളെ പരിഗണിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി എല്ലാ മാസവും മോണിറ്ററിങ്ങ് നടത്തേണ്ടതാണ്.

### 1-38 വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ബോലേറോ ജീപ്പ് നം.KL-09 AP -6040 എന്ന വാഹനമാണ് ഉപയോഗിച്ച് വരുന്നത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് 30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ, സർക്കുലർ നം 41/2008/ധനം. തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആറു മാസത്തിലൊരിക്കൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്.

ലോഗ് ബുക്കിൽ 2019-20, 2020-21 വർഷങ്ങളിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.32/20.11.21) വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.

വാഹനങ്ങളുടെ ഉപയോഗത്തിന് സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-39 MGNREGS -മെറ്റീരിയൽ പ്രവർത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ

2020-21 വർഷത്തിൽ മെറ്റീരിയൽ ഉൾപ്പെടുന്ന രണ്ട് പ്രവർത്തികളാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

മെറ്റീരിയൽ പ്രവർത്തിയിൽ നിന്നും TDS കുറവ് ചെയ്തില്ല

CBEC (Central Board Of Excise And Customs )സർക്കുലർ നം 65/39/2018-DOR തീയ്യതി -14.9.2018 പ്രകാരം 1.10.2018 മുതൽക്ക് 250000/- രൂപയ്ക്ക് മുകളിലുള്ള ടെൻണ്ടറുകളിൽ 2% TDS (1% CGST +1% SGST) പിടിച്ച് അടവാക്കണം. ഇപ്രകാരം 250000/- രൂപയ്ക്ക് മുകളിൽ ചെലവ് വന്നിട്ടുള്ള താഴെപ്പറയുന്ന വർക്കിൽ നിന്നും TDS ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| വാർഡ് നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | മെറ്റീരിയൽ കോസ്റ്റ് | FTO No. | കരാറുകാരൻ | ഇൻവോയിസ് നം. |
|---|---|---|---|---|---|---|
| 14 | റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 | 349000 | 278040 | 474871/ 22.11.20 | ദിലീപ്.സി | 12/18.9.20<br>13/18.9.20 |

കരാറുകാരൻ ടി.ഡി.എസ് ഫയൽ ചെയ്തതിന്റെ രേഖകൾ പരിശോധിച്ച് നികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നം.41/22.11.2021)

### 1-39-1 മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സ.ഉ (കൈ) നം.93/2012/തസ്വഭവ, തീയതി 31.3.2012 പ്രകാരം പ്രവർത്തി സ്ഥലത്ത് ലഭ്യമാക്കുന്ന മെറ്റീരിയലുകളുടെ വിവരം എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടതും മെയ്റ്റ് സാധനസാമഗ്രികൾ കൈപ്പറ്റി അനുബന്ധം 6 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കിയ മെറ്റീരിയൽ പ്രവർത്തികളിൽ ഇത്തരത്തിൽ മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(എൻക്വയറി നം.41/22.11.2021)

### 1-40 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 153 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 118 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 62 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 91 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹44374374/- വകയിരുത്തിയതിൽ ₹32804611/- ആണ് ചെലവഴിച്ചിട്ടുള്ളത്. 73.93% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹11569763/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 2214980 | 405473 | 1809507 |
| പൊതുവിഭാഗം (എസ്.സി.പി) | 2947418 | 2579173 | 368245 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17611000 | 13648277 | 3962723 |
| പ്രത്യേക ഗ്രാന്റ് | 24000 | 0 | 24000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 260000 | 255448 | 4552 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 40000 | 0 | 40000 |
| തനതു ഫണ്ട് | 1066000 | 545958 | 520042 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 0 | 500000 |
| മെയി.ഫണ്ട്(റോഡ്) | 14565000 | 11879651 | 2685349 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 5145976 | 3490631 | 1655345 |
| ആകെ | 44374374 | 32804611 | 11569763 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 175/21 – കറമ്പക്കാട് എസ്.സി. കോളനി റോഡ്
- പ്രൊജക്ട് നം. 188/21 – കറമ്പക്കാട്, കുന്നംകുളങ്ങര തോടുകളുടെ ഭിത്തി സംരക്ഷണം
- പ്രൊജക്ട് നം. 196/21 -കാട്ടിൽപര റോഡ് ഡ്രൈനേജ് നിർമ്മാണം
- പ്രൊജക്ട് നം. 200/21 -പൂട്ടൂർ, പറക്കോട് അംഗൻവാടികളിൽ ടോയ്‌ലറ്റ് നിർമ്മാണം

മേൽ സൂചിത സ്പിൽ ഓവർ പ്രൊജക്ടുകളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും, അതിർത്തി തർക്കം നിലനിൽക്കുന്നതിനാലും ഭരണ സമിതി തീരുമാന പ്രകാരം പദ്ധതികൾ ഉപേക്ഷിച്ചു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. ആസ്തി രജിസ്റ്റർ 2021 മാർച്ച് മാസം വരെ കാലികമാക്കിയിട്ടുണ്ട്.

4. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

5. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

6. പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുന്നില്ല.

7. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ബോർഡ് സ്ഥാപിക്കുന്നില്ല.

8. എ. പ്രോജക്ടുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 153 മരാമത്ത് പ്രവൃത്തികളിൽ 62 എണ്ണം (41%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 153 മരാമത്ത് പ്രവൃത്തികളിൽ 70 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/21.11.2021ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമായതിനാലാണ് ബോർഡുകൾ സ്ഥാപിക്കാതിരുന്നത്. 2021-22 വർഷത്തിലെ മുഴുവൻ എസ്റ്റിമേറ്റുകളിലും കൃത്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഈ വർഷം മുതൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-41 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10

ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 131/21 -കൊട്ടന്തിരപ്പുള്ളി ജി.എൽ.പി.എസ്. സ്കൂൾ അറ്റകുറ്റപണി<br>അടങ്കൽ - 310000-MG(NR)<br>APAC- 310000<br>കരാറുകാരൻ - ശ്രീ.പീതാംബരൻ.ആർ<br>എഗ്രിമെന്റ് നം.: 74/27-11-2019<br>ഭരണ സമിതി തീരുമാനം : 30-10-2019 9(1) | 1-11-2019 | 13-11-2019 | 27-11-2019 | 3100 |
| 2 | 134/21 -കറമ്പക്കാട് പട്ടികജാതി കോളനി കിണർ റിപ്പയർ<br>അടങ്കൽ - 100000 -Plan (SCP)<br>APAC- 87454<br>കരാറുകാരൻ - ശ്രീ.വി.കെ.ചാമി<br>എഗ്രിമെന്റ് നം.: 69/26-11-2019<br>ഭരണ സമിതി തീരുമാനം : 30-10-2019 9(1) | 1-11-2019 | 13-11-2019 | 26-11-2019 | 1000 |
| 3 | S0094/21-വേദാന്താശ്രമം എസ്.സി. കോളനി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 125000 -Plan (SCP)<br>APAC- 111568<br>കരാറുകാരൻ - ശ്രീ.പീതാംബരൻ.ആർ | 1-11-2019 | 13-11-2019 | 27-11-2019 | 1116 |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് നം.: 75/27-11-2019<br>ഭരണ സമിതി തീരുമാനം : 30-10-2019 9(1) | | | | |
| 4 | S0116/20 – മാമ്പ്ര എസ്.സി. കോളനി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 165000 -Plan (SCP)<br>APAC- 147012.37<br>കരാറുകാരൻ - ശ്രീ.വി.കെ.ചാമി<br>എഗ്രിമെന്റ് നം.: 94/21-1-2020<br>ഭരണ സമിതി തീരുമാനം : 16-12-2019 1(1) | 26-12-2019 | 8-1-2020 | 21-1-2020 | 1470 |
| 5 | S0025/20 -തെക്കുമുറി എസ്.സി. കോളനി റോഡ്<br>അടങ്കൽ - 165000 -Plan (SCP)<br>APAC- 141663.63<br>കരാറുകാരൻ - ശ്രീ.എ.മോഹൻദാസ്<br>എഗ്രിമെന്റ് നം.: 98/21-1-2020<br>ഭരണ സമിതി തീരുമാനം : 16-12-2019 1(1) | 26-12-2019 | 8-1-2020 | 21-1-2020 | 1417 |
| 6 | S00117/21 -കാഞ്ഞിരക്കോട് എസ്.സി. കോളനി റോഡ്<br>അടങ്കൽ - 165000 -Plan (SCP)<br>APAC- 147260.31<br>കരാറുകാരൻ - ശ്രീ.എ.മോഹൻദാസ്<br>എഗ്രിമെന്റ് നം.: 97/21-1-2020<br>ഭരണ സമിതി തീരുമാനം : 16-12-2019 1(1) | 26-12-2019 | 8-1-2020 | 21-1-2020 | 1473 |
| 7 | S00124/21- കൊടുന്തിരപ്പുള്ളി ഗ്രാമം തോട്ടിലേക്ക് പോകുന്ന റോഡ് കോൺക്രീറ്റും സ്ലാബ് സ്ഥാപിക്കലും<br>അടങ്കൽ - 300000 -Plan | 1-11-2019 | 13-11-2019 | 27-11-2019 | 2678 |

| | | | | | |
|---|---|---|---|---|---|
| | (CFC)<br>APAC- 267816<br>കരാറുകാരൻ - ശ്രീ. ആർ.പീതാംബരൻ<br>എഗ്രിമെന്റ് നം.: 73/27-11-2019<br>ഭരണ സമിതി തീരുമാനം : 30-10-2019 9(1) | | | | |
| 8 | S00132/21- മൈത്രി നഗർ വിവിധ പ്രദേശങ്ങളിൽ സൈഡ് കെട്ടി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 294000-Plan (CFC)<br>APAC- 262487.29<br>കരാറുകാരൻ - ശ്രീ. വി.കെ.ചാമി<br>എഗ്രിമെന്റ് നം.: 96/21-1-2020<br>ഭരണ സമിതി തീരുമാനം : 16-12-2019 1(1) | 26-12-2019 | 8-1-2020 | 21-1-2020 | 2625 |
| 9 | 181/21-വിവിധ സബ്സെന്ററുകൾ അറ്റകുറ്റപണി(മോഴിപുലം, കല്ലേക്കാട്)<br>അടങ്കൽ - 400000-MG (NR)<br>APAC- 352079<br>കരാറുകാരൻ - ശ്രീ. വി.കെ.ചാമി<br>എഗ്രിമെന്റ് നം.: 67/26-11-2019<br>ഭരണ സമിതി തീരുമാനം : 30-10-2019 9(1) | 1-11-2019 | 13-11-2019 | 26-11-2019 | 3520 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 18399 |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.36/20-11-2021 ന് പ്രവൃത്തി ഏറ്റെടുത്ത് കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-42 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച

നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 250/21 -ചൈത്രാനഗർ അംഗൻവാടി കെട്ടിട നിർമ്മാണം<br>അടങ്കൽ - 900000- വികസന ഫണ്ട് (സി.എഫ്.സി)<br>PAC- 899000<br>APAC- 852087.23<br>കരാറുകാരൻ - ശ്രീ. ഷഫീക്ക്. എൻ.എം.<br>എഗ്രിമെന്റ് നം.:97/26.10.2018<br>അളവു പുസ്തകം - 166/18, 239/19-20<br>ചെലവ് - 693091<br>ബിൽ നം.25/21.5.2020 | 25-6-2019 | 20-12-2019 | 0 | 26970 (3%) | 26970 |

| | | | | | | |
|---|---|---|---|---|---|---|
| | പൂർത്തീകരണ കാലാവധി - 8 മാസം | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 26970 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/20-11-2021ന് പ്രവൃത്തിയുടെ ആരംഭ ഘട്ടത്തിൽ ഗവൺമെന്റ് ഏർപ്പെടുത്തിയ ലോക്ക്ഡൌൺ കാരണം പ്രവൃത്തികൾ നിർത്തി വെക്കേണ്ടി വന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കാൻ നിർവാഹമില്ല കാരണം പ്രവൃത്തി ആരംഭിച്ചത് 26.10.2018നം പൂർത്തീകരിച്ചത് 20-12-2019നമാണ്. കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-43 കൊടുന്തിരപ്പുള്ളി ജി.എൽ.പി.എസ്. സ്കൂൾ അറ്റകുറ്റപണി - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

കൊടുന്തിരപ്പുള്ളി ജി.എൽ.പി.എസ്. സ്കൂൾ അറ്റകുറ്റപണി എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മുഴുവൻ മാറ്റി പുതിയത് വയ്ക്കുന്നതിനാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം. S0131/21 – കൊടുന്തിരപ്പുള്ളി ജി.എൽ.പി.എസ്. സ്കൂൾ അറ്റകുറ്റപണി

അടങ്കൽ - ₹ 310000 -MG (NR)

ചെലവ് - ₹291332 (ബിൽ നം. 5/20-4-20)

അളവു പുസ്തകം - 259/19-20

കരാറുകാരൻ - ശ്രീ.പീതാംബരൻ.ആർ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രവൃത്തിയിൽ ഇനം (1) പ്രകാരം പൊളിച്ചു മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്കു ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെയ്ത അളവ് | നിരക്ക്/₹ | തുക ₹ |
|---|---|---|---|---|
| 1 | 15.31 – Dismantling Tiled Roofing With Battens, Boarding Etc. Complete Including Stacking Of | 212.60m2 | 113.04 | 24032.30 |

| | | | | |
|---|---|---|---|---|
| | Serciveable Material And Disposal Of U Serviceable Material Within 50m. Lead | | | |

എക്സ്ട്രാ ഇനം (1), (2) എന്നിവ പ്രകാരം 0.680m3, 0.3177m3 അളവിൽ ₹58942.88, ₹30192.16യുടെ മര ഉരുപ്പടികൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊളിച്ചു മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/20-11-2021ന് മേൽക്കൂര പൊളിച്ചു മാറ്റിയതിൽ സ്റ്റോക്ക് ചെയ്യുവാനുള്ള ഉപയോഗ യോഗ്യമായ മെറ്റീരിയൽസ് ഒന്നും തന്നെ ഉണ്ടായിരുന്നില്ല എന്നും സർട്ടിഫിക്കറ്റ് എഴുതി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എം.ബി.യിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-44 പഞ്ചായത്ത് ആസ്തികൾ - പ്രവർത്തനക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമായിട്ടില്ല. മേൽ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.37/20.11.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ ആസ്തിമൂല്യം ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-44-1 പകൽവീട് നിർമ്മാണം

S0162/19 -പകൽവീട് നിർമ്മാണം.

അടങ്കൽ -₹900000.00 (തനതു ഫണ്ട്)

ചെലവ് - ₹894291/- (ചെക്ക് നം. 628847/6.1.20 -₹401862/-, ചെക്ക് നം.5822924/6.8.2019 -₹492429/-)

ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 18.11.2021ന് നടത്തിയ ഫീൽഡ് പരിശോധനയിൽ പകൽ വീട് നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടു.



പകൽ വീട്

പകൽ വീട് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-44-2 ജ്യോതിർഗമയ പാനപ്പറമ്പ് ഗ്രാമീണ വായനശാല കെട്ടിട നിർമ്മാണം

So.71./20 -ജ്യോതിർഗമയ പാനപ്പറമ്പ് ഗ്രാമീണ വായനശാല കെട്ടിട നിർമ്മാണം

അടങ്കൽ - ₹498000 (CFC)

ചെലവ് - ₹498000/- (ബിൽ നം. 58/9.11.2020)

നിലവിലെ പാനപ്പറമ്പ് കുടിവെള്ള പദ്ധതി വാട്ടർടാങ്കിന്റെ താഴെ തൂണുകൾക്ക് ഇടയിലുള്ള ഭാഗം ഇഷ്ടിക വെച്ച് ചുമരുകൾ പണിയുന്നതിനും മുകളിൽ സ്ലാബ് വാർത്തു പ്രവർത്തി പൂർത്തീകരിക്കുന്നതിനുമായി പ്രൊജക്ട് വിഭാവനം ചെയ്യുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വായനശാല കെട്ടിടം പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-44-3 ഭാരത രത്ന ഇന്ദിരാജി ജന്മശതാബ്ദി സ്മാരക ഷോപ്പിംഗ് കോപ്ലക്സ്

318/21- ഭാരത രത്ന ഇന്ദിരാജി ജന്മശതാബ്ദി സ്മാരക ഷോപ്പിംഗ് കോപ്ലക്സ് വയറിംഗ്

അടങ്കൽ - ₹350000/- (തനതു ഫണ്ട്)

ചെലവ് - ₹158423/- (ചെക്ക് നം. 72664/31.3.21)

മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോപ്ലക്സ് റൂമുകൾ വാടകയ്ക്ക് നൽകിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-20 | 8-11-2021 മുതൽ 20-11-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 78081 | ലൈഫ് മിഷൻ (ജനറൽ) | 0 | 78081 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 7359 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 0 | 7359 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 113481 | സമഗ്ര നെൽകൃഷി വിതരണം (സമൃദ്ധി) | 0 | 113481 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 450000 | ലാപ്ടോപ് | 0 | 450000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 124800 | 274/21-ഭിന്നശേഷി ക്കാർക്കുള്ള സ്കോളർഷിപ്പ് | 124800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | തോലാനാക്കാവ് സാംസ്കാരിക കേന്ദ്രം | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 108000 | 136/21- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | 108000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 1004087 | 12/21- സമഗ്ര നെൽകൃഷി വികസനം (സമൃദ്ധി) | 1004087 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 49989 | 263/21-സുഭിക്ഷ കേരളം പച്ചക്കറി കൃഷി | 49989 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 400000 | 57/21- പാൽ സബ്സിഡി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 677200 | 58/21- - ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 677200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (നേരിട്ട്) | 2020-21 | 576000 | 245/21- ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 576000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3 | ഉഴവുകൂലി | 0 | 3 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3637914 | ലൈഫ് മിഷൻ (ജനറൽ) | | 3637914 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 26450 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 0 | 26450 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 17880 | 167/20- ഭിന്നശേഷി ക്കാർക്കുള്ള സ്കോളർഷിപ്പ് | 0 | 17880 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 912848 | 121/21- സമഗ്ര നെൽകൃഷി | 912848 | 0 |

| | | | | | |
|---|---|---|---|---|---|
| ( നേരിട്ട്) | | | വികസനം (സമൃദ്ധി) | | |
| ജില്ലാ പഞ്ചായത്ത് ( നേരിട്ട്) | 2020-21 | 918023 | 12/21- സമഗ്ര നെൽകൃഷി വികസനം (സമൃദ്ധി) | 918023 | 0 |
| ജില്ലാ പഞ്ചായത്ത് ( നേരിട്ട്) | 2020-21 | 50000 | 254/21- പാൽ സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് (നേരിട്ട്) | 2020-21 | 707000 | 70/21- ലൈഫ് മിഷൻ (ജനറൽ) | 707000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി, മേലാമുറി | 282/21 പഞ്ചായത്തിന്റെ വിവിധ പ്രദേശ ങ്ങളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 35/29.12.20 വികസന ഫണ്ട് | 56429 | 0 | 56429 |
| കെ എസ് | 332/21 | 22000762/ | 19360 | 0 | 19360 |

| | | | | | |
|---|---|---|---|---|---|
| ഇ ബി പറളി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 16.11.20<br>22000777/ 16.11.20<br>22000879/ 22.12.20 | 10268<br>30936 | 0<br>0 | 10268<br>30936 |
| കെ എസ് ഇ ബി, മേലാമുറി | വാർഡ് 2 ൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 22000660/ 19.10.20 | 25682 | 0 | 25682 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹ 1860000/- വരവുണ്ട്. മുൻബാക്കി ₹ 16200000 /-അടക്കം ₹ 18060000/- യിൽ ₹ 16800000/- ഉം വിനിയോഗിച്ചിട്ടുണ്ട്. ബാലൻസ് തുക ₹ 1260000/- വിനിയോഗിക്കാൻ അവശേഷിക്കുന്നു.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ-ഭവന നിർമ്മാണം | GO(MS)No. 68/2018. LSGD Dt.18.5.2018 | 67174706 (2019-20) + 1860000 (2020-21 ലെ വരവ് | 67174706 | 8705436 | 0 | 60329270 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായുള്ള മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ പിരായിരി ഗ്രാമപഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയിലെ പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിഷയം നാളിതു വരെ ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹120748847/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹151483501/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ----- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ---- |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹45369/- |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | : | ₹2029855/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നമില്ല | | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 18399 | ശ്രീ.ദേവപ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 26970 | ശ്രീ.ദേവപ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 45369 | |

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2029855 | 920416 /- ശ്രീ.പി.കെ.മുഹമ്മദ് ഷാഫി, സെക്രട്ടറി 1109439/ -ശ്രീ.ആർ.രാധാകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 2029855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-----

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ.മുഹമ്മദ് ഷാഫി, സെക്രട്ടറി | സെക്രട്ടറി, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | TC 6/488(5), അൽ-റൈഹാൻ ലേക്ക് ഗാർഡൻസ്, അരപ്പാറ, വട്ടിയൂർക്കാവ് (പി.ഒ.), തിരുവനന്തപുരം -695 013 |
| ശ്രീ.ആർ.രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, നെന്മാറ ഗ്രാമപഞ്ചായത്ത് | ശാസ്താ നിവാസ്, ചമ്പൻകോട്, കൊടുവായൂർ (പി.ഒ), പാലക്കാട് – 678 501 |
| ശ്രീ.ദേവപ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പിരായിരി ഗ്രാമപഞ്ചായത്ത് | ദേവാഞ്ജലി, ഹിൽവ്യൂ നഗർ, പുതുപ്പരിയാരം, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | 11 |
| 1997-98 | LF.P12/42/06/19.04.06 | 2 |
| 1998-99 | LF.P7/756/01/15.07.06 | 10 |
| 1999-00 | LF.P12/462/09/12.06.09 | 2 |
| 2000-01 | LF.P12/1396/05/04.01.06 | 22 |
| 2001-02 | LF.P12/1631/07/05.04.08 | 5 |
| 2002-03 | LF.P12/558/06/09.10.06 | 8 |
| 2003-04 | LF.P14/1405/13/22.10.13 | 5 |
| 2004-05 | LF.P17/1074/10/01.12.10 | 8 |
| 2005-06 | LF.P17/1074/10/01.12.10 | 7 |
| 2006-07 | LF.P17/1068/10/19.11.10 | 10 |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | 7 |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | 8 |
| 2009-10<br>2010-11 | LF.P17/2763/13/06.01.14 | 23 |

| | | |
|---|---|---|
| 2011-12 | | |
| 2012-13 | എൽ എഫ് പി 17/390/<br>2015 /2-5-15 | 18 |
| 2013-14<br>&<br>2014-15 | നം. കെ.എസ്.എ-പികെഡി-17/1427/16<br>തിയ്യതി:8.8.2016 | 24 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/08.02.17 | 4 |
| 2016-17 | കെ.എസ്.എ-പികെഡി 17-1174/2017<br>/26.07.2017 | 14 |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019<br>/20.07.2019 | 29 |
| 2018-19 | നം.കെ.എസ്.എ-പികെഡി.17/ 549/2020<br>/19.05.2020 | 31 |
| 2019-20 | നം.കെ.എസ്.എ-പികെഡി.17/<br>1648/21/ | 32 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക് -വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Pirayiri Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 62095579.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2845380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 279000.00 |
| 140000000 | Fees & User Charges | RP-4 | 6803276.00 |
| 150000000 | Sale & Hire Charges | RP-5 | 256098.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 74524198.00 |
| 171000000 | Interest Earned | RP-9 | 446434.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24103672.00 |
| 350000000 | Other Liabilities | RP-36 | 628347.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 89310.00 |
| 330000000 | Secured Loans | RP-32 | 1860000.00 |
| 340000000 | Deposits Received | RP-34 | 538378.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 321241.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6358540.00 |
| 460000000 | Loans, Advances and Deposits | RP-47 | 1694973.00 |
| | Grand total | | 182844426.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3352712.00 |
| 220000000 | Administrative Expenses | RP-12 | 2687435.00 |
| 230000000 | Operations & Maintenance | RP-13 | 7676966.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9384878.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 41410453.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 6210896.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 2433646.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1188775.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 17714280.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 2025091.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | 9847.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1835993.00 |
| 350000000 | Other Liabilities | RP-36 | 6532385.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2603.00 |
| 270000000 | Provisions and Write off | RP-23 | -240.00 |
| 340000000 | Deposits Received | RP-34 | 399450.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 1744800.00 |
| 410000000 | Fixed Assets | RP-38 | 6695979.00 |
| 412000000 | Capital work in Progress | RP-40 | 5507174.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 32835637.00 |
| 460000000 | Loans, Advances and Deposits | RP-47 | 1824741.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31360925.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 182844426.00 |

| | | | |
|---|---|---|---|
| Pirayiri Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9621267.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 281500.00 |
| 140000000 | Fee & User Charges | I-4(b) | 7161756.00 |
| 150000000 | Sale & Hire Charges | I-5(b) | 256098.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 222222336.00 |
| 171000000 | Interest Earned | I-8 | 446434.00 |
| 180000000 | Other Income | I-9 | 318104.00 |
| | Total Income | | 240307495.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10785708.00 |
| 220000000 | Administrative Expenses | I-11(b) | 2687435.00 |
| 230000000 | Operations & Maintenance | I-12(b) | 8176966.00 |
| 240000000 | Interest & Finance Charges | I-13 | 2603.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9384878.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 83818540.00 |
| 252000000 | Decentralised Plan Programme- | I-14(b) | 7376123.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 2780203.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 82615675.00 |
| 255000000 | Maintenance Projects | I-14(e) | 17714280.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 2025091.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | -240.00 |
| | Total Expenditure | | 227377262.00 |
| | Gross Surplus/ Deficit of income over Expenditure | | 12930233.00 |
| 280000000 | Prior Period Item | I-18 | 426099.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 12504134.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| Pirayiri Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52688955.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1092.00 |
| 312000000 | Reserves | B-3 | 40513909.00 |
| | Total Reserve & Surplus | | 93203956.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16997134.00 |
| | Total Grants, Contributions for Specific Purposes | | 16997134.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 60333270.00 |
| | Total Loans | | 60333270.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 681900.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1280892.55 |
| | Total Current Liabilities and Provisions | | 1962792.55 |
| | TOTAL LIABILITIES | | 172497153.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 48265871.00 |
| 411000000 | Accumulated Depreciation | B-11 | -5301184.00 |
| 412000000 | Capital Work in Progress | B-11(a) | 1294384.00 |
| | Total Fixed Assets | | 44259071.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 36837022.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -412845.00 |
| 440000000 | Pre-paid Expenses | B-16 | 58469270.00 |
| 450000000 | Cash and Bank Balance | B-17 | 31360925.00 |
| 460000000 | Loans, Advances and Deposits | B-18 | 1983710.00 |
| | Total Current Assets, Loans and Advances | | -412845.00 |
| | Total Current Assets, Loans and Advances | | 128650927.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 172497153.00 |